# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബര്‍ 16, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--292]**

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യ നമ്പര്‍ |
|---|---|
| ഊര്‍ജ്ജ വകുപ്പുമന്ത്രി | : 3992 മുതല്‍ 4061 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : 4062 മുതല്‍ 4094 വരെ |
| ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി | : 4095 മുതല്‍ 4184 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : 4185 മുതല്‍ 4237 വരെ |
| പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 4238 മുതല്‍ 4283 വരെ |

### ഭൂഗര്‍ഭ കേബിളുകള്‍ സ്ഥാപിക്കുന്ന പ്രവൃത്തികള്‍

3992. **ശ്രീ.ജോസ് തെറ്റയില്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ആര്‍.എ.പി.ഡി.ആര്‍.പി. പദ്ധതി പ്രകാരം അങ്കമാലി, കാലടി, കറുകുറ്റി തുടങ്ങിയ പ്രദേശങ്ങളില്‍ ഭൂഗര്‍ഭ കേബിളുകള്‍ സ്ഥാപിക്കുന്ന പ്രവൃത്തികള്‍ ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതു നടപ്പാക്കുന്നതിനായി പൂര്‍ത്തിയാക്കേണ്ടത്;

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാര്‍ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും, കരാര്‍ പ്രകാരം നിര്‍മ്മാണകാലാവധി എന്നുവരെയാണെന്നും വിശദമാക്കാമോ?

### കൊട്ടാരക്കര നിയോജകമണ്ഡലത്തില്‍ നടപ്പിലാക്കിയ പദ്ധതികള്‍

3993. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഊര്‍ജ്ജ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഊർജ്ജ വകുപ്പുവഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും അവയുടെ അടങ്കൽ തുകയും വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വൈദ്യുതിയുടെ ഉപഭോഗവും ഉല്പാദനവും

3994. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെന്നും എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പ്രസരണ നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ?

## മുടങ്ങിപ്പോയ ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുവാൻ നടപടി

T *3995. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,,** തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ച ഏതൊക്കെ ജലവൈദ്യുത പദ്ധതികളാണ് ഇപ്പോൾ മുടങ്ങിക്കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയാതെ പോയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഇത്തരം പദ്ധതികൾ മുടങ്ങിയത് കാരണം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുവാൻ കഴിയാതെ പോയതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ മറികടക്കുവാനായി മുടങ്ങിപ്പോയ പദ്ധതികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) ജലവൈദ്യുത പദ്ധതികൾ മുടങ്ങിപ്പോയതുമൂലം വൈദ്യുത ഉത്പാദന രംഗം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജോലിക്കിടയിൽ അപകട മരണം സംഭവിച്ച കെ.എസ്.ഇ.ബി. ജീവനക്കാർ

3996. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഓരോ വർഷവും അറ്റകുറ്റപ്പണികൾക്കിടയിൽ അപകട മരണം സംഭവിച്ച കെ.എസ്.ഇ.ബി.യുടെ സ്ഥിരം/താൽക്കാലിക/കരാർ ജീവനക്കാർ എത്ര; അവർ ആരെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽപ്പെട്ട താത്ക്കാലിക/കരാർ തൊഴിലാളികളുടെ കുടുംബത്തെ സഹായിക്കുവാൻ വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; എത്ര തുകയുടെ ധനസഹായം അനുവദിച്ചു; ഇതിൽ മരണപ്പെട്ട തൊഴിലാളികളുടെ അശ്രിതരായ എത്രപേർക്ക് സ്ഥിരം തൊഴിൽ നല്കി; ഇല്ലെങ്കിൽ ഇത്തരത്തിൽ മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബത്തിലെ അശ്രിതരായ ഒരാൾക്ക് സ്ഥിരം തൊഴിൽ നൽകുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ നാളിതുവരെ വൈദ്യുതി ലൈൻ പൊട്ടി വീണതിനാലും, ലൈനുകളിൻകീഴിൽച്ചെന്നുപ്പെട്ടതിനാലും അപകടം സംഭവിച്ചവർ എത്ര; ആരെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മരണപ്പെട്ടവരുടെ കുടുംബത്തിന് എന്തു സഹായം നല്കി എന്നും ആശ്രിതരായ ഒരാൾക്ക് ജോലി നൽകുന്ന കാര്യവും സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ഇ) വൈദ്യുതിവകുപ്പിന്റെ അനാസ്ഥ മൂലമാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തു; അവർ അരെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കെ.എസ്.ഇ. ബി. നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

3997. ശ്രീ.വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>കെ.എസ്.ഇ. ബി. ലിമിറ്റഡിലെ കാഷ്യർ തസ്തിക</u>

3998. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ. ബി. ലിമിറ്റഡിൽ സംസ്ഥാനത്താകെ വിവിധ ഓഫീസുകളിലായി എത്ര കാഷ്യർ തസ്തിക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

<u>കെ.എസ്.ഇ.ബി കോവൂർ സെക്ഷൻ വിഭജനം</u>

3999. **ശ്രീ.പി.റ്റി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി കോവൂർ സെക്ഷൻ ഓഫീസിന് കീഴിൽ എത്ര ഉപയോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കാമോ?;

(ബി) ഈ സെക്ഷൻ വിഭജിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

<u>കെ.എസ്.ഇ.ബി ഉത്പാദിപ്പിക്കുന്ന വൈദ്യുതി</u>

4000. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഉല്പാദനം ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും എത്ര വീതമാണ് എന്ന വിശദാംശം ലഭ്യമാക്കുമോ?

<u>കെ.എസ്.ഇ.ബി. വട്ടപ്പാറ സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണം</u>

4001. ശ്രീ.പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. വട്ടപ്പാറ സെക്ഷൻ ഓഫീസ് മന്ദിരം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് നൽകിയ സ്ഥലത്ത് കെട്ടിട നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷം പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## സി.എഫ്.എൽ. ലാമ്പ് മൂലമുള്ള നേത്ര രോഗങ്ങൾ

4002. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എഫ്.എൽ. ലാമ്പുകളുടെ പ്രകാശം മാരകമായ നേത്ര രോഗങ്ങൾക്ക് കാരണമാവുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കെ.എസ്ഇ.ബി.യെ കമ്പനിയാക്കുന്ന നടപടികൾ

4003. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്ഇ.ബി.യെ കമ്പനിയാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ;ഇല്ലായെങ്കിൽ ഇത് ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽ നടപടികളുമായി ബന്ധപ്പെട്ട് ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കമ്പനിവത്ക്കരണത്തിനുശേഷവും പെൻഷൻ വിഷയങ്ങളിലെ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

## അരൂർ മണ്ഡലത്തിലെ കുത്തിയതോട് പഞ്ചായത്തിൽ ട്രാൻസ്ഫോർമർ

4004. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കുത്തിയതോട് പഞ്ചായത്തിലെ 2-ാം വാർഡിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമായതിനെ തുടർന്ന് ഒരു ട്രാൻസ്ഫോർമർ അനുവദിക്കണമെന്ന അപേക്ഷയിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ഈ തടസ്സങ്ങൾ മാറ്റി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## എൽ.എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതി

4005. ശ്രീ.റ്റി.എൻ. പ്രതാപൻ
,, വർക്കല കഹാർ
,, വി.ഡി.സതീശൻ
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കുവാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കൺസൽട്ടൻസിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## എസ്കോ പദ്ധതി

4006. ശ്രീ.പാലോട് രവി
,, ജോസഫ് വാഴയ്ക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ആഭിമുഖ്യത്തിൽ എസ്കോ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

<u>സൗരഗൃഹ പദ്ധതി</u>

4007. **ശ്രീ.**കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരഗൃഹ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സ്ഥാപിക്കുന്നതിന് പൊതുജനങ്ങൾ എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവർക്ക് എന്തെങ്കിലും ധനസഹായം നല്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സൗരഗൃഹ പ്ലാന്റുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി വിലയ്ക്കുവാങ്ങുമോ; എങ്കിൽ ഇതിന്റെ വിലയും നടപടിക്രമങ്ങളും വിശദീകരിക്കുമോ?

<u>ഡീസൽ വൈദ്യുതി നിലയങ്ങൾ ഗ്യാസ് അധിഷ്ഠിതമാക്കാൻ പദ്ധതി</u>

4008. **ശ്രീ.**എം.എ. വാഹീദ്

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡീസൽ വൈദ്യുതി നിലയങ്ങളിലെ യൂണിറ്റുകൾ ഗ്യാസ് അധിഷ്ഠിതമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയതിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ്

ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>സൗജന്യ വൈദ്യുതി പോസ്റ്റുകൾ</u>

4009. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് വൈദ്യുതി പോസ്റ്റുകൾ സൗജന്യമായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) സൗജന്യം ലഭിക്കാത്ത ഉപഭോക്താക്കൾ, പോസ്റ്റ് ഒന്നിന് നൽകേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഇടുക്കി മണ്ഡലത്തിലെ മുരിക്കാശ്ശേരി കെ.എസ്.ഇ.ബി സബ് സ്റ്റേഷൻ</u>

4010. ശ്രീ.റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജക മണ്ഡലത്തിലെ മുരിക്കാശ്ശേരി കെ.എസ്.ഇ.ബി സബ് സ്റ്റേഷന്റെ അഭിവൃദ്ധിക്കായി നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ 110 കെ വി ആയി ഉയർത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നോ; ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സമയ ക്ലിപ്തത നിശ്ചയിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ഇതിനോടകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) മുരിക്കാശ്ശേരി 110 കെ വി സബ് സ്റ്റേഷൻ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>സോളാർ പാനൽ</u>

4011. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന എത്ര ഏജൻസികളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജം ലഭ്യമാക്കുന്ന എത്ര സ്വകാര്യ ഏജൻസികൾ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് വ്യാപകമായി സ്വകാര്യ സ്ഥാപനങ്ങൾ സോളാർ പാനൽ സ്ഥാപിച്ചു നൽകുമെന്ന് പരസ്യം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

<u>വൈദ്യുത തൂണുകൾ പരസ്യത്തിന് ഉപയോഗിക്കുന്നത് തടയുന്നതിന് നടപടി</u>

4012. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി യുടെ വൈദ്യുത തൂണുകളിൽ മറ്റ് കേബിളുകൾ വലിയ്ക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്;

(ബി) ഇതിനുള്ള മാനദണ്ഡം എന്താണ്; എത്ര തുകയാണ് ഇതിനായി കെ.എസ്.ഇ.ബി ഈടാക്കുന്നത്;

(സി) കെ.എസ്.ഇ.ബി യുടെ വൈദ്യുത തൂണുകളിൽ ആലേഖനം ചെയ്തിട്ടുള്ള തിരിച്ചറിയൽ നമ്പരുകൾ പോലും മറച്ചുകൊണ്ട് പെയിന്റ് ഉപയോഗിച്ച് ചില സംഘടനകളുടെ പരസ്യ പ്രചരണം നടത്തുന്നതായി ശ്രദ്ധയിൽ പെട്ടി ടടുണ്ടോ;

(ഡി) കെ.എസ്.ഇ.ബിയുടെ സ്വന്തം വകയായ ഇത്തരം തൂണുകളിൽ പെയിന്റ് ചെയ്ത് പ്രചരണം നടത്തുന്നവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) തൂണുകളിലെ മറ്റ് പ്രചാരണങ്ങൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ?

<u>വൻകിട വൈദ്യുതി ചാർജ്ജ് കുടിശ്ശികക്കാരുടെ വിവരങ്ങൾ</u>

4013. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യ്ക്ക് ലഭിക്കുവാനുള്ള വൻകിട വൈദ്യുതി ചാർജ്ജ് കുടിശ്ശികക്കാരുടെ വിശദവിവരങ്ങളും അവർ അടയ്ക്കുവാനുള്ള തുകയുടെ വിശദവിവരങ്ങളും നൽകുമോ;

(ബി) പ്രസ്തുത തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത നടപടികളിലൂടെ ഈ സർക്കാർ വന്നശേഷം പിരിച്ചെടുത്ത തുകയുടെ

വിശദാംശം നൽകുമൊ ?

<u>വൈദ്യുത മോഷണത്തിനുള്ള പിഴ തുക</u>

4014. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത മോഷണം പിടികൂടി പിഴയിട്ടതിൻ പ്രകാരമുള്ള തുക പൂർണ്ണമായും വൈദ്യുതി ബോർഡിന്റെ അക്കൗണ്ടിൽ വരാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുത മോഷണ പ്രകാരം ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രതിദിനം എത്ര രൂപ വരെ പിഴശിക്ഷയായി നിശ്ചയിച്ച നൽകുന്നു;

(സി) ആയതിൽ എത്ര തുക ബോർഡിന്റെ അക്കൗണ്ടിൽ വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പിഴതുക അറിയിച്ച് അയക്കുന്ന നോട്ടീസുകളിൽ, വിചാരണ കഴിയുമ്പോൾ തുക നാമമാത്രമായി നിശ്ചയിക്കേണ്ടി വരുന്ന സാഹചര്യം വിശദീകരിക്കുമോ?

<u>വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്ന പദ്ധതികൾ</u>

4015. **ശ്രീ.കെ.അച്ചുതൻ**
**,, സണ്ണി ജോസഫ്**
**,, ലൂഡി ലൂയിസ്**
**,, തേറമ്പിൽ രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം തരം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

<u>വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ</u>

4016. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ൽ കേരളത്തിന് ആവശ്യമുള്ള വൈദ്യുതി ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അന്തർ സംസ്ഥാന പ്രസരണ കോറിഡോറുകളിലെ തടസ്സം മൂലം വൈദ്യുതി ലഭ്യതയിൽ എന്തെങ്കിലും പ്രയാസം അനുഭവപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;വൈദ്യുതി ലഭ്യത ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടിമൂലം ഉണ്ടാകാനിടയുള്ള അധിക സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സാമ്പത്തിക ബാധ്യത എങ്ങനെ മറികടക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഇ) കേരളത്തിനാവശ്യമായ വൈദ്യുതി പുറത്ത് നിന്നും കൊണ്ടു വരുന്നതിനാവശ്യമായ പ്രസരണ സംവിധാനത്തിൽ എന്തെങ്കിലും അപര്യാപ്തത അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ വിശദാശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) കേരളത്തിലൂടെ കടന്നു പോകുന്ന അന്തർ സംസ്ഥാന പ്രസരണ ലൈനുകളിൽ നിർമ്മാണത്തിലിരിക്കുന്നവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത ലൈനുകൾ പൂർത്തീകരിക്കുന്നതോടെ വൈദ്യുതി ഇറക്കുമതി ശേഷിയിൽ എന്ത് വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത് വിശദമാക്കുമോ; പ്രസ്തുത ലൈനുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പവർഗ്രിഡ് കോർപ്പറേഷൻ സംസ്ഥാനത്തിനെതിരായി കേസ്സ് നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>വൈദ്യുതി മോഷണം തടയുന്നതിന് നടപടി</u>

4017. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിലേയ്ക്കായി പാലക്കാട് ജില്ലയിൽ 2014 -ലിൽ നാളിതുവരെ എത്ര റെയ്ഡുകളാണ് നടത്തിയിട്ടുള്ളത്;

(ബി) ഇതിൽ എത്ര വൈദ്യുതി മോഷണ കേസുകളാണ് കണ്ടെത്തിയത്;

(സി) പ്രസ്തുത കേസുകളിൽ നിന്നും പിഴ ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര;

(ഡി) കാർഷികാവശ്യത്തിനായുള്ള വൈദ്യുതി മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## വൈദ്യുതി നിരക്ക് വർദ്ധന

4018. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി നിരക്കിൽ എത്ര ശതമാനം വർദ്ധനവുണ്ടായി എന്ന് വിശദമാക്കുമോ;

## വൈദ്യുതി ഉല്പാദനം

4019. ശ്രീ.സി.ദിവാകരൻ

,, ജി.എസ്.ജയലാൽ

,, കെ.രാജു

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനം എത്രയാണ്; ഇതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവെത്ര;

(ബി) സംസ്ഥാനത്തെ ദേശീയ ഊർജ്ജ ഉല്പാദന കേന്ദ്രങ്ങളിൽ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്; ഇതിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതിയുടെ അളവ് എത്ര;

(സി) സ്വന്തമായി പാരമ്പര്യേതര ഊർജ്ജം ഉല്പാദിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം രീതികളിൽ എത്ര വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

## കണ്ണൂർ ജില്ലയിലെ പാടിയോട്ടുചാൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

4020. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാടിയോട്ടുചാൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രദേശത്തിന്റെ ഭൂവിസ്തൃതിയും മറ്റും പരിഗണിച്ച് സെക്ഷൻ വിഭജിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## ഊർജ്ജ പ്രതിസന്ധി മറികടക്കാൻ കർമ്മ പരിപാടി

4021. ശ്രീ.സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ വിതരണ-പ്രസരണ നഷ്ടം പരമാവധി കുറച്ച് ഊർജ്ജ പ്രതിസന്ധി മറികടക്കാൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കുറഞ്ഞ നിരക്കിൽ, പവർകട്ട് ഏർപ്പെടുത്താതെ വൈദ്യുതി വിതരണം ചെയ്ത് സംസ്ഥാനത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിന് സഹായകരമായ ഊർജ്ജനയം നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## വൈദ്യുതി ഉല്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങൾക്ക് നല്കുന്ന കാര്യം

4022. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങൾക്ക് നല്കുന്നുണ്ടോ; 2014 ജനുവരി മുതൽ നവംബർ വരെ ഇപ്രകാരം എത്ര വൈദ്യുതി വിറ്റഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

## വൈദ്യുതി ചാർജ് വർദ്ധന

4023. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യമാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്; വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനു മുൻപുള്ളതിന്റെയും അതിന് ശേഷമുള്ള വർദ്ധിപ്പിച്ച ചാർജ്ജുകളുടെയും വിശദാംശം നൽകുമോ; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;?

## വൈദ്യുതി ഉത്പാദാനം

4024. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്നു വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ കെ . എസ്, ഇ .ബി മസ്ദൂർ നിയമനം

4025. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കെ . എസ്, ഇ .ബി യിൽ നിലവിൽ എത്ര മസ്ദൂർ തസ്തികകളാണുള്ളത്?

(ബി) പുതുതായി ഉദ്ഘാടനം ചെയ്ത രണ്ട് സെക്ഷൻ ഓഫീസുകളിൽ മസ്ദൂർമാരെ നിയമിച്ചിട്ടുണ്ടോ?

(സി) പാലക്കാട് ജില്ലയിൽ മസ്ദൂർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെയാണ് നിയമിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

(ഡി) ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി മസ്ദൂർ, ലൈൻമാൻ തസ്തികയിൽ നിയമനം

4026. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) യഥാസമയം ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ജില്ലയിലെ ലൈൻമാൻ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ

4027. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2011 വരെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പ്രവൃത്തികളുടെയും നല്കിയ പുതിയ വൈദ്യുതി കണക്ഷനുകളുടെയും വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മേൽ കാലയളവിൽ സമ്പൂർണ്ണമായി വൈദ്യുതീകരിച്ച നിയമസഭാ മണ്ഡലങ്ങളുടെയും റവന്യൂ ജില്ലകളുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിക്ക് പുറമേ 2011-12 കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടി സംസ്ഥാന സർക്കാർ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2006-2011 കാലയളവിൽ വൈദ്യുത പ്രസരണ രംഗത്ത് പൂർത്തീകരിച്ച 33 KV, 66KV, 110KV, 220KV സബ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ഓരോ വർഷത്തേയും ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഇ) 2011-14 കാലയളവിൽ പൂർത്തീകരിച്ച മേൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഓരോ വർഷത്തേയും ഇനം തിരിച്ചു ലഭ്യമാക്കുമോ?

<u>ഡാമുകളിലെ ജലപ്പരപ്പിൽ സൗരവൈദ്യുത നിലയങ്ങൾ</u>

4028. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഡാമുകളിലെ ജലപ്പരപ്പിൽ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഡാമുകളിലാണ് ഈ പദ്ധതി ആവിഷ്കരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഏതെല്ലാം കമ്പനികളാണ് പദ്ധതിയിൽ സഹകരിക്കുന്നതിന് തയ്യാറായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ഈ പദ്ധതിയുടെ പ്രതീക്ഷിത ചെലവെത്രയാണ്?

<u>ജലത്തിൽ നിന്നല്ലാതെയുള്ള വൈദ്യുതി ഉല്പാദനം</u>

4029. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, കെ. ദാസൻ

,, പി.റ്റി.എ. റഹീം

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതിയിൽ നിന്നല്ലാതെ സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്;

(സി) ഇത്തരം പദ്ധതികളിലൂടെ ലക്ഷ്യമിട്ട ഉല്പാദനം എത്രയായിരുന്നുവെന്നും ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു എന്നും വിശദമാക്കാമോ?

<u>കൽപ്പറ്റ മണ്ഡലത്തിലെ തരിയോട് - കളരിക്കോട് ആദിവാസി കോളനിയിൽ വൈദ്യുതി</u>

4030. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ സെക്ഷന്റെ പരിധിയിലുള്ള തരിയോട് പഞ്ചായത്തിലെ രണ്ടാം വാർഡിൽപ്പെട്ട കളരിക്കോട് ആദിവാസി കോളനിയിൽ വൈദ്യുതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനിയിലെ വീടുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട ഈ കോളനി നിവാസികൾക്ക് വൈദ്യുതി കണക്ഷൻ പുന:സ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കുന്നംകുളം കെ.എസ്.ഇ.ബി ഡിവിഷൻ ആഫീസിനു കീഴിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ</u>

4031. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം കെ.എസ്.ഇ.ബി ഡിവിഷൻ ആഫീസിനു കീഴിൽ വരുന്ന സെക്ഷൻ ആഫീസിനു കീഴിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ഇനിയും എത്ര

പേർക്ക് കണക്ഷൻ നൽകാനുണ്ട് ;

(ബി) ഇതിൽ ഗാർഹിക, കാർഷിക കണക്ഷനുകൾ എത്ര വീതം വരും; സെക്ഷൻ ആഫീസുതിരിച്ച് പ്രത്യേകം വ്യക്തമാക്കുമോ ;

(സി) ഇത്രയും പേർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

<u>അനെർട്ടിലെ നിയമന നടപടികൾ</u>

4032. **ശ്രീ.വർക്കല കഹാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ വിവിധ തസ്തികകളിലേക്ക് ഉള്ള നിയമന നടപടികൾ നിർത്തി വെയ്ക്കാൻ നിർദ്ദേശം നിലവിലുണ്ടോ;

(ബി) പ്രസ്തുത സർക്കാർ നിർദ്ദേശം ലംഘിച്ചു കൊണ്ട് സ്ഥാപനത്തിൽ ഏതെങ്കിലും തസ്തികകളിലേക്ക് നിയമന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ ക്രമക്കേടുകളിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിൽ വാടകക്കെട്ടിടത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ</u>

4033. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.യുടെ എത്ര ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത വാടകയിനത്തിൽ പ്രതിമാസം കെ.എസ്.ഇ.ബി. എത്ര തുക കണ്ടെത്തണം; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കെ.എസ്.ഇ.ബി.യുടെ പല ഓഫീസുകളും പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ആവശ്യത്തിന് റവന്യൂ ഭൂമി ലഭ്യമാക്കാവുന്ന സാഹചര്യത്തിൽ സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>കൊണ്ടോട്ടി, പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിഭജനം</u>

4034. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ഉപഭോക്താക്കളുടെ എണ്ണം അധികമാണ് എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രവർത്തന സൗകര്യം കണക്കിലെടുത്ത് ഈ രണ്ട് സെക്ഷനുകളെയും വിഭജിച്ച് ഐക്കരപ്പടി, കൊളത്തൂർ എന്നീ രണ്ട് പുതിയ സെക്ഷനുകൾ കൂടി ആരംഭിക്കണം എന്ന ആവശ്യം പരിഗണിക്കുമോ?

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

4035. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും , എത്ര രൂപയുടെ വികസന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുളളത് എന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

<u>കാഞ്ഞങ്ങാട് ഭൂമിക്കടിയിലൂടെ വൈദ്യുതി</u>

4036. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ഡി.ആർ.പി ഫണ്ട് ഉപയോഗിച്ച് കാഞ്ഞങ്ങാട് നഗരത്തിൽ സ്ഥാപിച്ച ഭൂമിക്കടിയിലൂടെ വൈദ്യുതി പദ്ധതിയുടെ പ്രവൃത്തി എന്നാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(സി) പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവായ തുക എത്രയാണെന്നും, പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ സാങ്കേതിക പ്രശ്നങ്ങൾ ഉൾക്കൊണ്ട് പദ്ധതി എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

<u>കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം</u>

4037. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസുകളിലുമുള്ള ഉപഭോക്താക്കളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) ഓരോ സെക്ഷൻ ഓഫീസുകളിലും ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ നിലവിലുണ്ട്; പ്രസ്തുത അപേക്ഷകർക്ക് എപ്പോൾ കണക്ഷൻ ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

<u>ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ എസ് ഇ ബി സബ് സ്റ്റേഷൻ</u>

4038. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ കെ എസ് ഇ ബി സബ് സ്റ്റേഷൻ നിർമ്മാണത്തിന് കഴിഞ്ഞ ഗവൺമെന്റ് അനുമതി നൽകി തറക്കല്ലിടൽ നടത്തിയതിന് ശേഷം പ്രസ്തുത പദ്ധതി ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ വലിയ നഗരവും, സ്പെഷ്യൽ ഗ്രേഡ് പദവിയുമുള്ള ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ എസ് ഇ ബി സബ് സ്റ്റേഷന്റെ ആവശ്യകത സംബന്ധിച്ച് ബഹു. മന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിച്ചിരുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) വളരെ കൂടുതൽ വൈദ്യുത ഉപഭോക്താക്കൾ ഉൾപ്പെടുന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ കെ എസ് ഇ ബി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

<u>രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി</u>

4039. ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇതിനോടകം നടപ്പിലാക്കിയ ജില്ലകൾ ഏതെല്ലാമാണ്;

(സി) ആർ. ജി. ജി. വി. വൈ. പദ്ധതി പ്രകാരം ഇതിനോടകം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ?

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

4040. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നവർക്ക് സബ്സിഡി നൽകുന്നതിന് പദ്ധതികളുണ്ടോ; വിശദാംശം നൽകുമോ?

കാസർഗോട്ടെ ഗ്രാമങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

4041. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കുറ്റിക്കോൽ, ബേഡഡുക്ക, ദേലമ്പാടി, പനത്തടി എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

തിരുവനന്തപുരം നഗരസഭാമേഖലയിലെ തെരുവുവിളക്കുകൾ

4042. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാമേഖലയിലെ നൂറു വാർഡുകളിലും നിലവിൽ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത വിളക്കുകൾ എന്നത്തേക്ക് പ്രകാശിപ്പിക്കും എന്നു വ്യക്തമാക്കുമോ?

പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

4043. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.യുടെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും അറിയിക്കുമോ;

(ബി) മഞ്ചേരി ഡിവിഷനു കീഴിൽ മഞ്ചേരി നോർത്ത്, കീഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷനുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>വൈദ്യുതിമോഷണം</u>

4044. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിമോഷണം സംബന്ധിച്ച് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ഈടാക്കിയ പിഴയുടെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് അവർ താമസിക്കുന്ന വീട്ടിൽത്തന്നെ ചെറിയ താത്ക്കാലിക നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി വൈദ്യുതി ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ അനുവാദം ആവശ്യമുണ്ടോ;

(സി) ഇതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>വൈദ്യുതിമോഷണം</u>

4045. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിമോഷണവുമായി ബന്ധപ്പെട്ട സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) ഇപ്രകാരം മോഷണം കണ്ടുപിടിക്കപ്പെട്ടതിലൂടെ എത്ര കോടി രൂപ സർക്കാരിലേയ്ക്ക് ഈടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി)

<u>കൊട്ടാരക്കരയിലെ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതി കുടിശ്ശിക</u>

4046. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ വൈദ്യുതി കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി ക്ക് എത്ര തുക നൽകാനുണ്ട്; അവ ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് വൈദ്യുതി ബോർഡ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>ചാലക്കുടിപ്പുഴയിൽ നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിന് നടപടി</u>

4047. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ നിന്നും ജലസേചനം കൂടുതലായി നടക്കുന്ന ഡിസംബർ മുതൽ മെയ് വരെയുള്ള മാസങ്ങളിൽ, പെരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ (PHEP) നിന്നും ഇരുപത്തിനാലു മണിക്കൂറും വൈദ്യുതോല്പാദനം ക്രമീകരിച്ച് ചാലക്കുടിപ്പുഴയിൽ ഒരേ രീതിയിലുള്ള നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷങ്ങളിൽ വൈദ്യുതോല്പാദനം ഭാഗികമായി ക്രമീകരിച്ച് നടപ്പാക്കിയിരുന്നത് ഈ വർഷം പൂർണ്ണമായും നടപ്പാക്കുമെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഊർജ്ജസംരക്ഷണത്തിന് നൂതനപരിപാടികൾ</u>

4048. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ഉത്പാദന-വിതരണമേഖലകളിലൂടെ ചെലവുചുരുക്കുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും പുതിയ കണ്ടെത്തലുകളുമായി കടന്നുവരുന്ന പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കണ്ടെത്തലുകളെ പ്രയോജനപ്പെടുത്തുന്നതിനും ഊർജ്ജവകുപ്പ് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>കുണ്ടറ നല്ലിലയിലെ **11** കെ.വി ലൈൻ</u>

4049. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നല്ലില ട്രാൻസ്ഫോർമർ ജംഗ്ഷൻ മുതൽ വായനശാല വരെയുള്ള 500 മീറ്റർ ഭാഗത്ത് 11 കെ.വി ലൈൻ താഴ്ന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിന്മേൽ ലഭിച്ച പരാതികളിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ജനങ്ങളുടെ ഭീതി ഒഴിവാക്കാനായി നടപടികളുടെ വേഗം കൂട്ടുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

## ചെറായി **110KV** സബ്സ്റ്റേഷൻ

4050. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി 110KV സബ്സ്റ്റേഷന് ഭരണാനുമതി നൽകിയത് ഏത് വർഷമാണെന്നും എത്ര രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് ഇനിയും എത്ര തുക കൂടി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ; കമ്മീഷനിംഗ് അനിശ്ചിതമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നടപടികൾ വേഗത്തിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഇക്കാര്യം സംബന്ധിച്ച് ഉന്നതതലയോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ട് വൈപ്പിൻ എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

## പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജവിതരണ പരിഷ്കരണ പദ്ധതി **(R.A.P.D.R.P.)**

4051. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടെ നടപ്പാക്കിവരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജവിതരണ പരിഷ്കരണ പദ്ധതി (R.A.P.D.R.P.) യുടെ പാർട്ട് ബി-യിൽ

ഏതെല്ലാം ടൗണുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; ജില്ലാതല വിശദാംശം ലഭ്യമാക്കുമോ?

## കൊച്ചി മെട്രോ റെയിൽ പദ്ധതി

4052. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം എന്ന് പൂർത്തിയാക്കാനാവുമെന്നും ഇതിന്റെ ദൂരം എത്രയാണെന്നും ഏതൊക്കെ സ്ഥലങ്ങൾ തമ്മിൽ ബന്ധിപ്പിച്ചാണെന്നും ആദ്യഘട്ടത്തിലെ സ്റ്റേഷനുകൾ ഏതൊക്കെയാണെന്നും ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) തുടർന്നുള്ള രണ്ടാംഘട്ട പദ്ധതിയുടെ വിശദാംശങ്ങളും ഇതെന്ന് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) കൊച്ചി മെട്രോ പോലെ നഗര ഹൃദയങ്ങളിൽ നടപ്പാക്കുന്ന റെയിൽ ഗതാഗത പദ്ധതികൾ സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

## കൊരട്ടി റെയിൽവേ സ്റ്റേഷനെ ഫ്ലാഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിനു നടപടി

4053. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദർശ് സ്റ്റേഷനായി പ്രഖ്യാപിച്ചിട്ടുള്ള ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ ആഴ്ചയിൽ 3 ദിവസം ഡിവൈൻ നഗർ സ്റ്റേഷനിൽ സ്റ്റോപ്പുള്ള കുർള എക്സ്പ്രസ്സിന് (No. 16346, 16345) തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം എന്നീ നാലുദിവസങ്ങളിൽ കൂടി സ്റ്റോപ്പ് അനുവദിക്കുന്നതിനും കൊച്ചുവേളി-ബാംഗ്ലൂർ പ്രതിദിന ട്രെയിനിനും (16316), ആലപ്പുഴ-ധൻബാദ് ട്രെയിനിനും (13352) സ്റ്റോപ്പ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനത്തിന് എന്തെങ്കിലും മേൽനടപടികളോ മറുപടികളോ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) നിലവിൽ ഹോൾട്ട് സ്റ്റേഷനായ കൊരട്ടി റെയിൽവേ സ്റ്റേഷനെ ഫ്ലാഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിനും കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## റെയിൽവേ അടിസ്ഥാന സൗകര്യ വികസനം

4054. ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.വി.ശിവൻകുട്ടി
ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേയുടെ അധീനതയിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ അധികാരികൾ കാണിക്കുന്ന അലസത യാത്രാസൗകര്യങ്ങൾ ഒരുക്കുന്നതിന് വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) നേമത്ത് ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നേമത്ത് ഉള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ കാണിക്കുന്ന ഉദാസീനത മൂലം തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ നേരിടുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് തീവണ്ടികളുടെ യാത്രാക്രമീകരണങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാനവുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്താറുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## റെയിൽവേ പദ്ധതികൾ

4055. ശ്രീ.ബാബു എം. പാലിശ്ശേരി
,, കെ.കുഞ്ഞമ്മത് മാസ്റ്റർ
,, സി.കൃഷ്ണൻ
,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ അത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗികതയെക്കുറിച്ച് പഠനം നടത്താറുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ പലതും നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് കാരണം മുന്നോട്ടു പോകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

## ഗുരുവായൂർ തിരുനാവായ റെയിൽവെ ലൈൻ

4056. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ആർത്താറ്റ് വഴിയുള്ള ഗുരുവായൂർ തിരുനാവായ റെയിൽവെ ലൈനിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് അറിയിക്കാമോ ;

(ബി) ഇതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവോ ;

(സി) പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

## ട്രെയിനുകളിൽ പുതിയ ബോഗികൾ ഘടിപ്പിക്കാൻ നടപടി

4057. ശ്രീ.എ.എ.അസീസ്
,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികൾ ഏറ്റവും മോശമായവയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപയോഗയോഗ്യമായവയും മോശമല്ലാത്തതുമായ ബോഗികൾ സംസ്ഥാനത്തിന് ലഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) യാത്രയ്ക്ക് അധിക തുക ഈടാക്കുന്ന ജനശതാബ്ദി ട്രെയിനുകളിൽ സാധാരണ കോച്ചുകൾ ഘടിപ്പിക്കുന്നത് വ്യാപകമായത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## വിവിധ നിരക്കിലുള്ള സ്റ്റാമ്പുകൾ ലഭ്യമാകാത്ത സാഹചര്യം

4058. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോസ്റ്റ് ഓഫീസുകളിൽ വിവിധ നിരക്കിലുള്ള സ്റ്റാമ്പുകൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓർഡർ നൽകിയിട്ടും ആവശ്യമുള്ള സ്റ്റാമ്പുകൾ തപാൽ മേഖലയിൽ എത്തിച്ചേരാത്തതിന്റെ കാരണം എന്താണ്;

(സി) സ്റ്റാമ്പ് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>മലിനീകരണ നിയന്ത്രണ ആസൂത്രണം</u>

4059. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, കെ.മുരളീധരൻ

,, കെ.ശിവദാസൻ നായർ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണരംഗം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മലിനീകരണ നിയന്ത്രണബോർഡ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ഡി) പദ്ധതികളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകിരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

<u>മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ</u>

T *4060. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ PSC യ്ക്ക് വിട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വിശദമാക്കുമോ; റദ്ദ് ചെയ്ത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾക്ക് പ്രായ പരിധി 35 വയസ്സായി നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നു വിശദമാക്കുമോ;

(സി) വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി) ഏതൊക്കെ തസ്തികകളിലേക്കാണ് നിയമനം നടത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

<u>കഞ്ചിക്കോട് മേഖലയിലെ ഇരുമ്പുരുക്കു വ്യവസായ സ്ഥാപനങ്ങൾ മൂലമുള്ള പരിസ്ഥിതി</u>

## പ്രശ്നങ്ങൾ

T *4061. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മേഖലയിൽ പ്രവർത്തിച്ചു വരുന്ന ഇരുമ്പുരുക്ക വ്യവസായ സ്ഥാപനങ്ങൾ മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയത്; എന്നാണ് പഠനം നടത്തിയത്; പഠന റിപ്പോർട്ട് ലഭിച്ചുവോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കഞ്ചിക്കോട് വ്യവസായ മേഖലയിൽ എത്ര ഇരുമ്പുരുക്ക് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; ഏതെല്ലാം ഇരുമ്പുരുക്ക് കമ്പനികൾക്കാണ് പഞ്ചായത്ത് അനുമതി നിഷേധിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കമ്പനികൾ പ്രവർത്തിക്കുന്നതിന് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;വിശദാംശം ലഭ്യമാക്കാമോ;

(ഡി) കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഇരുമ്പുരുക്ക് കമ്പനികൾ കമ്പനിയിലെ അവശിഷ്ടങ്ങൾ കോരയാർ പുഴയിലേക്ക് തള്ളുന്നതായും അതിനാൽ പുഴ മലിനമാകുന്നു എന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) കഞ്ചിക്കോട് വ്യവസായ മേഖലയിൽ താമസിക്കുന്ന ജനങ്ങൾ നേരിടുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പഠനം നടത്തുമോ; വിശദമാക്കാമോ?

## കിളിമാനൂരിൽ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

4062. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റേതായി ഒരു കോളേജ് പോലുമില്ലാത്ത കിളിമാനൂർ കേന്ദ്രീകരിച്ച് ആർട്സ്& സയൻസ്/ മാനേജ്മെന്റ്/ സാങ്കേതിക കോഴ്സുകൾക്കായുള്ള ഏതെങ്കിലും സ്ഥാപനം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു അനുബന്ധ കേന്ദ്രം കിളിമാനൂരിൽ

ആരംഭിയ്ക്കുന്നതിനുള്ള പദ്ധതി സ്വീകരിയ്ക്കാമോ;വ്യക്തമാക്കാമോ;

(സി) ബാങ്കുകളുമായി സഹകരിച്ച് സഹകരണ മാനേജ് മെന്റ് വിഷയങ്ങൾക്കായുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാമോ?

## പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ അഴിമതി അവസാനിപ്പിക്കുവാൻ നടപടി

4063. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നടന്നുവരുന്ന ധൂർത്തും അഴിമതിയും അവസാനിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) അഴിമതി,മറ്റ ചട്ടവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്ന സംഘം ഭാരവാഹികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ;

(സി) ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്കും താലൂക്ക്-ജില്ലാതല അധികാരികൾക്കും ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുവാനും സംഘം ഫണ്ട് അനാവശ്യമായി അനുമതിയില്ലാതെ ചെലവവഴിക്കുന്നവർക്കെതിരെ സഹകരണ നിയമത്തിലെ സർച്ചാർജ് ഉൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുന്നതിനും പൊതു നിർദ്ദേശം നൽകുമോ?

## കൊണ്ടോട്ടിയിലുള്ള കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ

4064. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിലുള്ള കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ എന്നിവയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) നീതി മെഡിക്കൽ സ്റ്റോർ എന്നാണ് അടച്ചത് എന്നും, ചെറിയൊരു തീപിടുത്തത്തിന്റെ പേരിൽ ഇത്രയും കാലം തുറക്കാത്തത് എന്തുകൊണ്ടെന്നും വിശദമാക്കുമോ;

(സി) ഇത് എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറിന്റെ വണ്ടിയുടെ ഫിറ്റ്നസ്, അറ്റകുറ്റപ്പണി എന്നിവ എന്നത്തേക്ക് ശരിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ മൂന്ന് സ്ഥാപനങ്ങളിലെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഉയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ?

<u>നീതി മെഡിക്കൽ സ്റ്റോറുകൾ</u>

4065. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എന്തെല്ലാം മരുന്നുകളാണ് നീതിസ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്നതെന്നും എത്ര തുകയാണ് ഈ മരുന്നുകൾക്ക് സബ്സിഡി ഇനത്തിൽ നൽകുന്നതെന്നും അറിയിക്കാമോ;

(ഡി) അവശ്യ മരുന്നുകളുടെ ലഭ്യത നീതി സ്റ്റോറുകളിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>നന്മ സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി</u>

4066. ശ്രീ.പി.റ്റി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

(ബി) നൻമ സ്റ്റോർ തുടങ്ങുന്നതിനായി പഞ്ചായത്തുകളോ പൊതു സമൂഹമോ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്?

(സി) വ്യവസ്ഥകൾ പാലിച്ചിട്ടും സ്റ്റോറുകൾ തുടങ്ങാത്ത എത്ര സ്ഥലങ്ങളുണ്ട്?

(ഡി) കഴിഞ്ഞ രണ്ട് വർഷമായി മുൻകൂർ വാടക നൽകി ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടും തുടങ്ങാൻ കഴിയാത്ത എത്ര സ്റ്റോറുകൾ കോഴിക്കോട് ജില്ലയിൽ ഉണ്ട് ?

(ഇ) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ? ഇവ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

<u>നീതി സ്റ്റോറുകളിലെ സെയിൽസ്മാൻമാർ</u>

4067. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു;

(ബി) നീതി സ്റ്റോറുകളിൽ എത്ര സ്ഥിരം സെയിൽസ്മാൻമാരും എത്ര താൽക്കാലിക സെയിൽസ്മാൻമാരും ജോലി ചെയ്തുവരുന്നു;

(സി) ഗവൺമെന്റ് ഉത്തരവ് പ്രകാരം നീതി സ്റ്റോറിലെ എത്ര സെയിൽസ്മാൻമാരെയും കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ജീവനക്കാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; കൊല്ലം ജില്ലയിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ഡി) കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത് തുടർന്ന് വരുന്നതും 2010 -ലെ ഗവൺമെന്റ് ഉത്തരവിന് മുമ്പ് കമ്മീഷൻ വ്യവസ്ഥയിൽ ജോലി ആരംഭിച്ചതുമായ എത്ര പേരെ ഇനിയും സ്ഥിരപ്പെടുത്താനുണ്ട്; കൊല്ലം ജില്ലയിൽ എത്ര പേരുണ്ട്; കൊല്ലം ജില്ലയിലെ ഏതെല്ലാം സ്റ്റോറുകളിലാണ് ഇവർ കമ്മീഷൻ വ്യവസ്ഥയിൽ ഇപ്പോഴും ജോലി ചെയ്യുന്നത്; ഇവരുടെ സ്ഥിര നിയമനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>സഹകരണ ബാങ്ക് /സംഘങ്ങളുടെ ചെറുകിട വായ്പകൾക്കുള്ള നടപടികൾ</u>

4068. ശ്രീ.ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, വി.ഡി.സതീശൻ
,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ ,അപേക്ഷിച്ചാലുടൻ തന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ?

(ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/സംഘങ്ങൾ വഴിയാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം?

<u>കള്ള് സഹകരണ സംഘങ്ങൾ</u>

4069. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കള്ള് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ കള്ള് വ്യവസായവുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് നിലവിലുള്ളതെന്നും ആയത് ഏതൊക്കെ സംഘങ്ങളുടെ പേരിലാണെന്നും ഓരോ സംഘങ്ങൾക്കും ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

## സഹകരണ മേഖലയും സേവന മേഖലയും

4070. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, അൻവർ സാദത്ത്

,, ആർ . സെൽവരാജ്

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയേയും സേവന മേഖലയേയും ഒരുമിച്ച് കൊണ്ടുപോകാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം:

(സി) ഇത് സംബന്ധിച്ച നിയമ നിർമ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുവഴി പ്രാദേശിക ബാങ്കിംഗ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

## സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീം

4071. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപക ഗ്രാന്റ് സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് അർഹതയുള്ള എല്ലാ ബാങ്കുകളും പ്രസ്തുത സ്കീമിൽ അംഗങ്ങളായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്കീമിൽ അംഗത്വമെടുക്കാൻ എത്ര ബാങ്കുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ബാങ്കുകളെ സ്കീമിൽ അംഗങ്ങളാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിലെ പലിശനിരക്ക്

4072. ശ്രീ.എ.റ്റി.ജോർജ്

,, റ്റി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശനിരക്ക് കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം വായപകൾക്കാണ് പലിശനിരക്ക് കുറച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഏത് തിയതി മുതൽക്കാണ് ഇതിന് പ്രാബല്യമുള്ളതെന്നു വ്യക്തമാക്കുമോ?

സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന് നടപടി

4073. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ ഗ്രേഡിലുള്ള സംഘങ്ങളിലേയ്ക്ക് സഹകരണ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതു പരിഗണിക്കുമോ;

(ബി) ഇതിനായി സംസ്ഥാനതലത്തിൽ ഒരു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമോ?

സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും കർമ്മ പദ്ധതികൾ

4074. ശ്രീ.എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, എ.റ്റി.ജോർജ്

,, റ്റി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് ഈ മേഖലയിൽ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## സഹകരണ ബാങ്കുകളിൽ ഡയറക്ടർമാരുടെ മക്കളുടെ നിയമനം

4075. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിലവിലുള്ള നിയമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർമാരുടെ മക്കളെ അവരവർ ഡയറക്ടറായ സഹകരണ ബാങ്കുകളിൽ ജീവനക്കാരായി നിയമിക്കാൻ വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ വളാഞ്ചേരി സഹകരണ ബാങ്കിൽ ഏതെങ്കിലും ഭരണ സമിതി അംഗങ്ങളുടെ മക്കളെ ജീവനക്കാരായി നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ നിജസ്ഥിതി രേഖാമൂലം ലഭ്യമാക്കാമോ;

(ഇ) ഇത്തരമൊരു നിയമനം മേൽ ബാങ്കിൽ നടന്നുവെന്നുള്ളത് വസ്തുതാപരമാണെങ്കിൽ ഡയറക്ടർ സ്ഥാനത്ത് നിന്ന്, നിയമനം ലഭിച്ച ജീവനക്കാരന്റെ പിതാവിനെ അയോഗ്യനാക്കാൻ നടപടി സ്വീകരിക്കുമോ?

## വൈക്കം മണ്ഡലത്തിലെ കൺസ്യൂമർഫെഡ്, നന്മ സ്റ്റോറുകൾ

4076. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ കൺസ്യൂമർഫെഡ്, നന്മ സ്റ്റോറുകൾ എവിടെയൊക്കെ പ്രവർത്തിക്കുന്നു എന്നും പ്രസ്തുത സ്റ്റോറുകൾ എന്നു മുതൽ ആരംഭിച്ചതാണെന്നും വ്യക്തമാക്കുമോ;

(ബി) വൈക്കം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡിന്റെ സ്റ്റോറുകളിൽ

സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഉൽപന്നങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) വൈക്കത്തെ കൺസ്യൂമർഫെഡ്, നന്മ മൊബൈൽ സ്റ്റോറുകളുടെ കഴിഞ്ഞ ഫെബ്രുവരി വരെയുള്ള 6 മാസത്തെ വിറ്റുവരവ് കണക്കുകൾ വെളിപ്പെടുത്തുമോ;

(ഡി) വൈക്കത്തെ കൺസ്യൂമർഫെഡ്, നന്മ മൊബൈൽ ഷോറൂമുകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നും ഏതെല്ലാം തസ്തികകളിൽ ,എത്ര ജീവനക്കാർ വീതമാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ?

## ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ

4077. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹാകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ ആർ.ബി.ഐ യുടെ കടപ്പത്രങ്ങളിൽ നിക്ഷേപിക്കണമെന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; ഈയിനത്തിൽ എന്ത് തുക ആർ.ബി.ഐ. കടപ്പത്രത്തിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

## തസ്തിക മാറ്റം വഴി ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം ലഭിച്ചവരുടെ മുൻകാല സർവ്വീസും, ശമ്പളവും സംരക്ഷിച്ചു കിട്ടണമെന്ന ആവശ്യം

4078. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സഹകരണ സംഘങ്ങളിൽ ജോലി ചെയ്ത് തസ്തിക മാറ്റം വഴി ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം ലഭിക്കുമ്പോൾ മുൻസേവന കാലം ,ശമ്പളം / ഗ്രേഡ് എന്നിവ പരിഗണിക്കുമോ;

(ബി) മുമ്പ് ജോലി ചെയ്തിരുന്ന സംഘത്തിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത നിയമനം ലഭിച്ച ജീവനക്കാർക്ക് ഫുൾ പെൻഷൻ കിട്ടുന്നതിന് മുൻകാല സർവ്വീസും കൂടി പരിഗണിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ച 28387 / 14 / സി. എം.നമ്പർ ഹർജിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത പ്രസ്തുത ആവശ്യം അംഗീകരിച്ചു നൽകുമോ?

## സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പ

4079. ശ്രീ.ലൂഡി ലൂയിസ്

,, ജോസഫ് വാഴയ്ക്കൻ

,, ആർ . സെൽവരാജ്

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പ നൽകുന്നതിനായി സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നടപ്പുസാമ്പത്തികവർഷം കർഷകർക്ക് എത്ര കോടി രൂപ വായ്പ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കർഷകർക്കുള്ള വായ്പാ പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിന് എന്തെല്ലാം അധികാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കാർഷിക ഗ്രാമ വികസന ബാങ്കിന് വഴി വിട്ട സഹായം

4080. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്ക് കേന്ദ്ര ബാങ്കിന് പതിമൂന്ന് കോടി രൂപയുടെ കുടിശ്ശിക അടയ്ക്കാൻ ഉണ്ടായിരുന്നോ; ഈ കുടിശ്ശിക അടച്ചുതീർത്തോ; എങ്ങനെയാണ് ഈ കുടിശ്ശിക അടച്ചുതീർത്തത്;

(ബി) കുടിശ്ശിക അടയ്ക്കുവാനുള്ള ബാങ്കുകൾക്കെല്ലാം കേന്ദ്രബാങ്ക് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിക്കാറുണ്ടോ; ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാങ്കുകൾക്ക് റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ചു; വിശദാംശങ്ങൾ നൽകുമോ;

(സി) നെയ്യാറ്റിൻകര കാർഷിക വികസന ബാങ്കിൽ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി എത്ര കോടി രൂപ നൽകി; അതിൽ എത്ര കോടി രൂപ കണക്കിൽ വരവ് വച്ച് കുടിശ്ശിക ഇല്ലാതാക്കി; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ വഴിവിട്ട സഹായം നെയ്യാറ്റിൻകര പ്രാഥമിക കാർഷിക വികസന ബാങ്കിന് ചെയ്യാനുള്ള കാരണം വിശദമാക്കുമോ?

## റിസ്ക് ഫണ്ട് സ്കീം ആനുകൂല്യങ്ങൾ

4081. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് എത്ര രൂപയാണ് പ്രീമിയമായി വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റിസ്ക് ഫണ്ട് സ്കീം പ്രകാരം പ്രീമിയം അടക്കുകയും എന്നാൽ ലോൺ കാലാവധിക്ക് മുമ്പ് ലോൺ എടുത്തയാൾ മരണപ്പെടുകയും ചെയ്താൽ നിശ്ചിത കാലപരിധി കഴിഞ്ഞുവെന്ന കാരണം കൊണ്ട് മാത്രം ആനുകൂല്യം നിഷേധിക്കുമോ;

(സി) പ്രീമിയം അടച്ച് കഴിഞ്ഞു എന്ന കാരണത്താൽ ഇത്തരം കേസുകൾ പ്രത്യേകമായി പരിഗണിച്ച് ആനുകൂല്യം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ്

4082. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് ലൈസൻസുള്ള അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) നഷ്ടത്തിലിരിക്കുന്ന ബാങ്കുകൾക്ക് റിവൈവൽ പാക്കേജും സർക്കാർ ഓഹരിയും, നബാർഡ് കാർഷിക വായ്പക്ക് അനുവദിക്കുന്ന പലിശയിളവ് മാതൃകയിൽ റിസർവ് ബാങ്കിൽ നിന്നും അർബൻ ബാങ്കുകൾക്ക് ആശ്വാസമായ പലിശയിളവ് വായ്പയും ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അർബൻ ബാങ്കുകളുടെ സമഗ്രപുരോഗതിക്കും പ്രൊഫഷണലൈസേഷനും വേണ്ടി ഒരു അപ്പെക്സ് സ്ഥാപനം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

## ത്രിവേണി, സ്റ്റോറുകളുടെ പ്രവർത്തന ശാക്തീകരണം

4083. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിവേണി, സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ത്രിവേണി, സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി

സ്വീകരിക്കുമോ ?

## സഹകരണനിയമ ഭേദഗതി

4084. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഫെബ്രുവരിയിലെ സഹകരണ നിയമ ഭേദഗതിക്കനുസൃതമായി സഹകരണചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; എന്തൊക്കെ ഭേദഗതികളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദീകരിക്കാമോ;

(ബി) ഇൻകം ടാക്സ് വകുപ്പുദ്യോഗസ്ഥർ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നിക്ഷേപകരുടെ വിവരങ്ങൾ ശേഖരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നത്; ഇത്തരം വിവര ശേഖരണത്തിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾ ജില്ലാ സഹകരണ ബാങ്കിന്റെ എസ്.എൽ.ആറിന് ഇനിമേൽ പരിഗണിക്കില്ലെന്ന് റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും 2015 മാർച്ച് 31-ഓടെ 7% C.R.R സൂക്ഷിക്കണമെന്ന് ആർ.ബി.ഐ. നിർദ്ദേശം പുറപ്പെടുവിച്ചതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംസ്ഥാന/ജില്ലാ ബാങ്കുകളെ പ്രതികൂലമായി ബാധിക്കുന്നതു തടയാൻ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, കാർഷികവായ്പാ സഹകരണസംഘങ്ങൾ എന്നിവയുടെ നിക്ഷേപ-വായ്പാ അനുപാതം 2014 മാർച്ച് 31-ന് എത്രയാണ്; വായ്പയുടെ പലിശനിരക്ക് ഉയർത്തിയത് ഈ അനുപാതത്തെ സ്വാധീനിച്ചിട്ടുണ്ടോ; അങ്ങനെയെങ്കിൽ, വായ്പയുടെ പലിശനിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

## അഴീക്കൽ പോർട്ടിൽ മാനുവൽ ഡ്രഡ്ജിങ്ങിന് അനുമതി ലഭിച്ച സഹകരണ സംഘങ്ങൾ

4085. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ കണ്ണൂർ ജില്ലയിൽ രജിസ്റ്റർ ചെയ്ത എത്ര സഹകരണ സംഘങ്ങൾക്ക് അഴീക്കൽ പോർട്ട് അധീനതയിൽ നിന്നും മാന്വൽ ഡ്രഡ്ജിങ്ങിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) ഇവയിൽ ഒരേ ഉദ്ദേശലക്ഷ്യങ്ങൾക്കായി ഒരേ അധികാരപരിധിക്കകത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ഒന്നിലധികം സംഘങ്ങൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സഹകരണ സംഘങ്ങൾ വഴി വിദ്യാഭ്യാസ വായ്പയും സ്വയം തൊഴിൽ വായ്പയും</u>

4086. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാനത്തെ സംസ്ഥാന / ജില്ലാ / പ്രാഥമിക സഹകരണ സംഘങ്ങൾ വഴി എത്ര രൂപ വിദ്യാഭ്യാസ വായ്പയായും എത്ര രൂപ സ്വയം തൊഴിൽ വായ്പയായും അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

<u>ജീവചരിത്രം വാങ്ങണമെന്നുള്ള സഹകരണ വകുപ്പിന്റെ സർക്കുലർ</u>

4087. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പനമ്പിള്ളി ഗോവിന്ദമേനോൻ ചരിത്രവഴിയിലെ ദീപശിഖ എന്ന ജീവചരിത്രം വാങ്ങണമെന്നുള്ള സഹകരണ വകുപ്പ് പുറപ്പെടുവിച്ച 2/2012 -ാം നമ്പർ സർക്കുലർ സംസ്ഥാനത്തെ എത്ര അപ്പെക്സ്, ജില്ലാ, പ്രൈമറി സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിവരം നൽകാമോ ;

(ബി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ വകുപ്പ് ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കാത്തതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിക്കാമോ ; അടിയന്തരമായി പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകാമോ ?

<u>പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ</u>

4088. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനിൽ ഇപ്പോഴത്തെ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷം PSC യുടെയും ഗവൺമെന്റ് അനുമതിയില്ലാതെയും താൽക്കാലിക ജീവനക്കാരെ സ്ഥിരപെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ; ഇവരുടെ ജാതി, പ്രായം, യോഗ്യത എന്നിവ വ്യക്തമാക്കാമോ;

(ബി) ഈ നിയമനങ്ങളിൽ ഫെഡറേഷനിൽ നിലവിലുള്ള ഫീഡർ കാറ്റഗറിയിലെ 50% തസ്തികകളിൽ അംഗ സംഘങ്ങളിലെ ജീവനക്കാരെയാണോ നിയമിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ നിയമനം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) SC /ST സഹകരണ ഫെഡറേഷന്റെ കീഴിൽ തൃശ്ശൂർ ആഞ്ചേരിയിൽ പ്രവർത്തിക്കുന്ന ആയുർധാരയിലെ പ്രൊഡക്ഷൻ നിർത്തിവച്ചിട്ട എത്ര മാസമായി ;എന്താണ് കാരണം; ഇപ്പോഴത്തെ ഭരണ സമിതി നിലവിൽ വന്നതിന് ശേഷം എത്ര ജീവനക്കാരെ നിയമിച്ചു; വ്യക്തമാക്കുമോ :

(ഇ) പത്ര പരസ്യം നൽകി ഇൻറർവ്യൂ നടത്തിയാണോ നിയമിച്ചത്; ഇതിന് ഫെഡറേഷൻ ഭരണ സമിതിയുടെ അംഗീകാരം ഉണ്ടോ;

(എഫ്) ഇങ്ങനെ നിയമിച്ചവർക്ക് ബോണസ് ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു; വ്യക്തമാക്കാമോ?

<u>കൺസ്യൂമർ ഫെഡിന്റെ ചില്ലറ വില്പനശാലകൾ</u>

4089. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ചില്ലറ വില്പനശാലകളിൽ സാധനങ്ങൾ ഇല്ലാത്തതും സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട അവസ്ഥയിലായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ അവസ്ഥയ്ക്ക് കാരണം എന്താണെന്ന് വിശദമാക്കാമോ ?

<u>സഹകരണസംഘങ്ങൾ/ബാങ്കുകൾ വഴിയുള്ള കാർഷിക വായ്പ</u>

4090. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ 2013-2014-ലെ കണക്ക പ്രകാരം എത്ര സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു ; എത്ര സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ലാഭത്തിൽ കൊണ്ടുവരാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പാ എത്രയെന്ന് വ്യക്തമാക്കാമോ; ആകെ കാർഷിക വായ്പയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പയുടെ കണക്ക് വർഷം തിരിച്ച് വ്യക്തമാക്കാമോ ; കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ് ;

(സി) കാർഷിക വായ്പ തീരെ നൽകാത്ത കാർഷിക വായ്പ സഹകരണസംഘങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ഡി) സഹകരണ സംഘങ്ങളിൽ/ബാങ്കുളിൽ നിന്നും 2012-13 വർഷം എടുത്തിട്ടുള്ള ഹ്രസ്വകാല കാർഷിക വായ്പകളിൽ ഒരു വർഷത്തെ പലിശയിളവ് അനുവദിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ 22-11-2013 ലെ സ.ഉ (സാധാ) നം: 739/2013/സഹ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ഉത്തരവ് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എഫ്) സർക്കാർ പ്രഖ്യാപിച്ച പലിശയിളവ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ കാർഷകർക്ക് നൽകാത്തതും പിഴപലിശയടക്കം വായ്പ അടയ്ക്കാൻ വായ്പക്കാർക്ക് നോട്ടീസ് അയയ്ക്കുന്നതും നിയമ നടപടികൾ സ്വീകരിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ജി) സർക്കാർ തീരുമാനം അനുസരിച്ച് കാർഷിക വായ്പക്കാർ 2012-2013 വർഷം എടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് പലിശയിളവ് അനുവദിക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ ?

## <u>ആശ്വാസ്-**2012** പദ്ധതി</u>

4091. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രഖ്യാപിച്ച ആശ്വാസ്-2012 പദ്ധതി നിലവിലുണ്ടോ;

(ബി) പദ്ധതി പ്രവർത്തനക്ഷമമാണെങ്കിൽ വിശദീകരിക്കുമോ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്കി വരുന്നതെന്ന് വിശദമായി അറിയിക്കുമോ?

ഖാദി വസ്ത്രങ്ങൾ

4092. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വസ്ത്രവ്യാപാര രംഗത്ത് എത്ര ശതമാനം ഖാദി വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നു എന്നു പറയാമോ; ഖാദി വസ്ത്രങ്ങളുടെ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ;

(ബി) വിദ്യാലയങ്ങളിലെ ഒരു ദിവസത്തെ യൂണിഫോം ഖാദി വസ്ത്രങ്ങളാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിക്കുവാനും കുറഞ്ഞ നിരക്കിൽ യൂണിഫോം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഖാദി തൊഴിലാളികളുടെ കൂലിയിലും പ്രൊഡക്ഷൻ ഇൻസെന്റീവിലുമുള്ള കുടിശ്ശിക

4093. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 എന്നീ വർഷങ്ങളിൽ ഖാദി തൊഴിലാളികളുടെ കൂലി ഇനത്തിലും പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലും കുടിശ്ശിക ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര കുടിശ്ശികയുണ്ടെന്നും കുടിശ്ശിക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(സി) മേൽ തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നത്

4094. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചെങ്കിലും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കി അടിയന്തിരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## ഇ-ഫയലിംഗ് സംവിധാനം

4095. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഫയലിംഗ് സംവിധാനം നിലവിൽ വന്നതിനുശേഷം ആസ്തിവികസനഫണ്ട് ഉപയോഗിച്ച് നിർമ്മാണപ്രവർത്തനം നടത്തുന്ന പദ്ധതികൾക്കു സാമ്പത്തികാനുമതി ലഭ്യമാകുന്നതു സംബന്ധിച്ച് എം.എൽ.എ.മാർക്ക് അന്വേഷിച്ചറിയുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-ഫയലിംഗ് സംവിധാനം സുതാര്യമാക്കുന്നതിനുവേണ്ടി ഒരു ഏകീകൃതസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

## ആർ. ഇ . കൊടുത്തിട്ടുള്ള പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ വർക്കുകൾ

4096. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ എത്ര പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ വർക്കുകളാണ് ധനകാര്യ വകുപ്പ് ആർ. ഇ . കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം പ്രവർത്തികളാണെന്നും ഓരോ വർക്കിന്റെ ടെണ്ടർ ഉറപ്പിച്ച തുക എത്രയാണെന്നും ഫൈനൽ ബില്ല് എത്രയാണെന്നും ആർ.ഇ. എത്രയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ;

(സി) ഓരോ വർക്കും ഏറ്റെടുത്ത കോൺട്രാക്ടർമാർ ആരാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ആർ. ഇ. കൊടുത്ത ഓരോ വർക്കും എന്ത് കാരണം കൊണ്ടാണ് കൊടുത്തതെന്നും വിശദമാക്കാമോ?

## ആസ്തി വികസന ഫണ്ട് വഴി നടപ്പിലാക്കുന്ന കുണ്ടറ മുക്കട മാർക്കറ്റിന്റെ പുരോഗതി

4097. ശ്രീ.എം.എ.ബേബി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന ഫണ്ട് വഴി നടപ്പിലാക്കുന്ന കുണ്ടറ മുക്കട മാർക്കറ്റിന്റെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പാർട്ട് ബിൽ മാറാത്തതു കാരണം കോൺട്രാക്ടർ പദ്ധതി നിർമ്മാണത്തിൽ കാട്ടുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് തടസ്സമാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## നാട്ടിക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് നിർവ്വഹണം

4098. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് സാമ്പത്തിക തടസ്സങ്ങൾ ഉണ്ടോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ തുക അനുവദിച്ചുവോ;

(ബി) നാട്ടിക മണ്ഡലത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആസ്തി വികസന ഫണ്ടിൽ നിന്ന് ഏതെല്ലാം പ്രവൃത്തികൾക്കു തുക അനുവദിച്ചുവെന്നും എത്ര വീതം തുക നൽകിയെന്നും അറിയിക്കുമോ;

(സി) നാട്ടിക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

## അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)യുടെ കത്ത്

T *4099. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)യുടെ 15.10.2014-ലെ 46647/PRU 2/2014/ധന.നമ്പർ കത്തിന്റെ സാരാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ കത്ത് ആർക്കാണ് അയച്ചിട്ടുള്ളത് ;

(സി) 15.10.2014-ലെ പ്രസ്തുത കത്തിന് ആധാരമായിട്ടുള്ള നിവേദനം/കത്തിന്റെ സാരാംശവും പകർപ്പും ലഭ്യമാക്കുമോ ?

## ശമ്പളപരിഷ്കരണം

T *4100. ശ്രീ.വി.ശിവൻകുട്ടി

,, എ.എം. ആരിഫ്

,, എം. ഹംസ

,, ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്കരണ കമ്മീഷൻ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള കമ്മീഷന്റെ കാലാവധി നിരന്തരം നീട്ടിക്കൊടുക്കുന്ന സാഹചര്യം ഒഴിവാക്കി ശമ്പള പരിഷ്കരണം സമയബന്ധിതമായി യാ ഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്താണ്;

(സി) 9-ാം ശമ്പള കമ്മീഷൻ 10 മാസംകൊണ്ട് നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ 10-ാം ശമ്പള കമ്മീഷന്റെ നടപടികൾ നീണ്ടുപോകുന്നത് വേതന പരിഷ്കരണത്തിന്റെ ആനുകൂല്യം ജീവനക്കാർക്ക് വൈകുന്നതിന് കാരണമാകുമോ;

(ഡി) ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യം എന്നുമുതലായിരിക്കുമെന്ന് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പറയുന്നുണ്ടോ; ഇല്ലെങ്കിൽ ഈ കാലയളവിൽ പെൻഷനാകുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം നഷ്ടപ്പെടുമോ;

(ഇ) കമ്മീഷന്റെ പ്രവർത്തനം നീണ്ടുപോകുന്നത് എത്ര മാത്രം സാമ്പത്തിക ബാദ്ധ്യത വരുത്തുണ്ട് കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നൽകിയതിനു പുറമേ എത്ര രൂപ ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

## പൊതുകടത്തിലുള്ള വർദ്ധന

4101. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) . കഴിഞ്ഞ സർക്കാർ എടുത്ത വായ്പകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എടുത്ത വായ്പകളിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് വന്നിട്ടുള്ള തെന്നു വ്യക്തമാക്കാമോ

## തദ്ദേശസ്ഥാപനങ്ങൾക്കനുവദിച്ച ഫണ്ട് വിവരം

4102. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2014-15 വരെയുള്ള ഓരോ സാമ്പത്തികവർഷത്തിലും, ഓരോ തദ്ദേശസ്ഥാപനത്തിനും സർക്കാർ നൽകിയ ഫണ്ട് മേഖലതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ കാലയളവുകളിൽ നൽകിയ ഫണ്ടിൽനിന്നും എത്ര തുക ഓരോ തദ്ദേശസ്ഥാപനവും ചെലവഴിച്ചുവെന്നത് മേഖലതിരിച്ച് ലഭ്യമാക്കാമോ;

(സി) 2007-2008 മുതൽ 2010-2011 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ഓരോ തദ്ദേശസ്ഥാപനത്തിനും സർക്കാർ നൽകിയ ഫണ്ട് മേഖലതിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഈ കാലയളവിൽ സർക്കാർ നൽകിയ ഫണ്ടിൽനിന്നും ഓരോ തദ്ദേശസ്ഥാപനങ്ങളും ചെലവഴിച്ച തുക മേഖലതിരിച്ച് ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി-യിലെ പെൻഷൻ ഫണ്ട്

4103. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി എന്ന കമ്പനിയിൽ തുടർന്ന് പെൻഷൻ നൽകുന്നതിന് രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് മാനേജ് ചെയ്യുന്നതിന് ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുമെന്ന് കൈമാറ്റ പദ്ധതിയിൽ വ്യവസ്ഥയുണ്ടോ; ട്രസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചോയെന്ന് വ്യക്തമാക്കുമോ; ആരൊക്കെയാണ് ട്രസ്റ്റിലെ അംഗങ്ങൾ;

(ബി) കെ.എസ്.ഇ.ബി. കമ്പനിവത്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം പെൻഷൻ ഫണ്ടിനായുള്ള സർക്കാർ വിഹിതത്തിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ?

## എം.എൽ.എ. ഫണ്ട് വിനിയോഗം

4104. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2010 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഓരോ നിയമസഭാമണ്ഡലങ്ങളിലും എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി എത്ര രൂപയുടെ വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) 2011 മുതൽ 2014 വരെ സംസ്ഥാനത്തെ ഓരോ നിയമസഭാ മണ്ഡലങ്ങളിലും

എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി എത്ര രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം നൽകാമോ?

## എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന് ഹെഡ് ഓഫ് അക്കൗണ്ട്

4105. **ശ്രീ.പി.റ്റി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി

4106. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തി വികസന പദ്ധതി (എ.ഡി.എസ്.) പ്രകാരമുള്ള പദ്ധതികൾക്ക് പല കാരണങ്ങൾ കൊണ്ടും ഭരണാനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട്(എസ്.ഡി.എഫ്.) വിനിയോഗിക്കുന്ന അതേ മാതൃകയിൽ ആസ്തി വികസന ഫണ്ട്(എ.ഡി.എഫ്.) വിനിയോഗിക്കുന്നതിനും തദ്വാരാ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) എ.ഡി.എസ്. പ്രകാരം 10 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനവകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി സഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുക 10 ലക്ഷം വരുന്ന പദ്ധതികൾക്ക് ഇത്രയെണ്ണം എന്ന നിബന്ധനയില്ലാതെ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിന്റെ നിലവിലെ അവസ്ഥ

4107. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-യുടെ .ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) നാളിതുവരെ ഈ പ്രവർത്തിയുടെ എത്ര തുക പാസാക്കി നൽകിയിട്ടുണ്ട്;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

## ആസ്തി വികസന ഫണ്ട്

4108. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികൾ പൂർത്തീകരിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

## വിദേശ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രധാന പ്രോജക്ടുകൾ

4109. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രധാന പ്രോജക്ടുകളുടെ വിശദവിവരം നല്കാമോ ;

(ബി) സംസ്ഥാനം വിദേശസഹായ പദ്ധതികളുടെ വായ്പാ തിരിച്ചടവിനത്തിൽ പ്രതിവർഷം എന്തു തുക ശരാശരി ചെലവിടേണ്ടി വരുന്നുണ്ടെന്നറിയിക്കാമോ; അതിൽ മുതൽ - പലിശ അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) വിദേശ സഹായ പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ് മോണിറ്റർ ചെയ്യാൻ പ്രത്യേക സംവിധാനമെന്തെങ്കിലും ധനകാര്യവകുപ്പിൽ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

## വാളയാർ മിഷൻ

4110. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ മിഷന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകളാണ് വാളയാർ ചെക്ക്പോസ്റ്റിൽ പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) മോട്ടോർ വാഹന വകുപ്പ് വാളയാർ മിഷന്റെ പരിധിയിൽ വരുന്നതാണോ; ഇല്ലെങ്കിൽ ഈ വകുപ്പിനെ ഉൾപ്പെടുത്താത്തത് സംബന്ധിച്ച വിശദാംശം

നൽകുമോ?

റവന്യൂ കമ്മിയുടെ വർദ്ധനവ്

4111. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-'12, 2012-'13, 2013-'14 വർഷങ്ങളിൽ സർക്കാർ പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മിയും യഥാർത്ഥ റവന്യൂ കമ്മിയും എത്ര വീതമായിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2014-'15 സാമ്പത്തിക വർഷം സർക്കാർ പ്രതീക്ഷിച്ചിരുന്ന റവന്യൂ കമ്മി എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് ഏറ്റവും ഒടുവിൽ കണക്കു ലഭിച്ച മാസം വരെയുള്ള റവന്യൂ കമ്മി എത്രയെന്നും പ്രതീക്ഷിക്കുന്ന റവന്യൂ കമ്മി എത്രയാണെന്നും വ്യക്തമാക്കുമോ?

പത്താം ശമ്പളക്കമ്മീഷൻ പ്രവർത്തനം

T *4112. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പളകമ്മീഷന്റെ കാലാവധി എന്നാണ് പൂർത്തീകരിക്കുന്നത്;

(ബി) നിലവിലുള്ള കാലാവധിക്കുള്ളിൽ ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കാര്യങ്ങൾ ശമ്പള കമ്മീഷനുമായി ചർച്ച ചെയ്തിട്ടുണ്ടോ ?

(ഡി) ജീവനക്കാർക്കും അധ്യാപകർക്കും ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ശമ്പളം,പെൻഷൻ എന്നീ ഇനങ്ങളിൽ സർക്കാരിന്റെ ബാധ്യത

T *4113. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയേഴ്സ് ഓഫ് സാലറീസ് ആൻഡ് പെൻഷൻ, പങ്കാളിത്ത പെൻഷൻ കോൺട്രിബ്യൂഷൻ എന്നീ ഇനങ്ങളിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ?

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം

4114. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്താറുണ്ടോ; അവസാന അവലോകന യോഗം നടന്നത് എന്നാണ്;

(ബി) ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ എടുത്ത നടപടി എന്താണെന്ന് അറിയിക്കാമോ?

ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടർ /കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ട്രെയിനിമാരായി മാറുന്നവർ

4115. ശ്രീ.ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ട്രെയിനിമാരായി മാറുന്നവരുടെ എണ്ണം കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്I, സീനിയർ ഗ്രേഡ് കംമ്പ്യൂട്ടർ അസിസ്റ്റന്റ്, സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്, അസിസ്റ്റന്റ്, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് , അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എന്നിവയിൽ ഏതിലാണ് ഉൾക്കൊള്ളിക്കുന്നത് എന്ന് വിശദമാക്കാമോ; പ്രസ്തുത വിഷയം പ്രതിപാദിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പുതുതായി സൃഷ്ടിച്ച തസ്തികകൾ

T *4116. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പുതുതായി സൃഷ്ടിച്ച തസ്തികകളിൽ ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം, എത്ര വീതം എന്ന് വിശദമാക്കാമോ?

സോഷ്യൽ മീഡിയയിലൂടെ പ്രതികരണം ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടികൾ

4117. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവമാധ്യമങ്ങളിലൂടെ പ്രതികരിച്ചതിന് ധനകാര്യവകുപ്പിന്റെ കീഴിലുള്ള എത്ര ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും ജീവനക്കാരനെ ഇതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ പ്രതികരിക്കുന്നവർക്കെതിരെ അച്ചടക്ക നടപടി എടുത്തത് നിലവിലുള്ള ഏതു സർവ്വീസ് ചട്ടങ്ങൾ പ്രകാരമാണെന്നും വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിൽ ഇപ്രകാരം അച്ചടക്ക നടപടി സ്വീകരിയ്ക്കാൻ വ്യവസ്ഥകൾ ഇല്ലെങ്കിൽ നിയമപരമായി നിലനിൽക്കാത്തതും നിയമസാധുത ഇല്ലാത്തതുമായ ഇത്തരം അച്ചടക്ക നടപടികൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകുമോ ?

## മംഗല്യനിധി

4118. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗല്യനിധിയിലേക്ക് ധനസമാഹരണം നടത്തുന്നത് എങ്ങനെയൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് പ്രബല്യത്തിൽ വന്നത് ; നാളിതുവരെ ഇതിലേക്കായി എത്ര തുക സമാഹരിക്കുവാൻ സാധിച്ചു ;

(സി) എത്ര രൂപയാണ് ഓരോരുത്തർക്കും പ്രസ്തുത നിധിയിൽ നിന്നും സഹായമായി നല്കിവരുന്നതെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടി ക്രമങ്ങളും വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര പേർക്ക് സഹായം നല്കിയെന്നും ഇതിനായി ആകെ എത്ര രൂപ ചെലവായിയെന്നും അറിയിക്കാമോ ?

## ആസ്തിവികസന ഫണ്ട് പ്രകാരം നീക്കി വച്ചിട്ടുള്ള തുക

4119. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലേക്ക് ആസ്തി വികസന ഫണ്ടിൽ എത്ര തുകയാണ് ആകെ നീക്കവച്ചിട്ടുള്ളത് എന്നും അവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്നും അതിൽ ഓരോ പ്രവൃത്തിക്കും എത്ര തുകയാണെന്നും ഇനി പ്രസ്തുത ഫണ്ടിൽ എത്ര തുക അവശേഷിക്കുന്നുവെന്നും വ്യക്താമാക്കുമോ ?

പങ്കാളിത്ത പെൻഷൻ പദ്ധതി

4120. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സർക്കാർ വിഹിതവും ജീവനക്കാരുടെ വിഹിതവും യഥാസമയം പെൻഷൻ ഫണ്ടിൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരണം നൽകാമോ;

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ

4121. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും നിർദ്ദേശങ്ങൾ പ്രകാരം എന്തു തുകയുടെ ചെലവ് ചുരുക്കാൻ നാളിതുവരെ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ;

(ബി) നോൺ പ്ലാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതായിട്ടുള്ള സർക്കാർ നിർദ്ദേശം ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ നാളിതുവരെ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(സി) വിദേശയാത്രകൾ സംബന്ധിച്ച ചെലവ് ചുരുക്കൽ നിർദ്ദേശപ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ആരുടെയെല്ലാം എന്ന് വ്യക്തമാക്കുമോ; ചെലവ് ചുരുക്കൽ നിർദ്ദേശം വന്നതിനുശേഷം ആരൊക്കെ വിദേശയാത്ര നടത്തിയെന്നും ആയതുവഴി ഖജനാവിന് വന്ന നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ചെലവ് ചുരുക്കൽ നിർദ്ദേശം സർക്കാർ പ്രഖ്യാപിച്ചശേഷം എത്ര വാഹനങ്ങൾ ഏതെല്ലാം സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ ധനകാര്യ വകുപ്പ് അനുമതിയോടെ എത്ര തുകയ്ക്ക് വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് നികതി - നികുതിയേതര വരുമാന വർദ്ധനവിന്റെ ആവശ്യകത നിലനിൽക്കുമ്പോൾ ഈ നടപ്പുവർഷം ധനവകുപ്പ് എത്ര പേർക്ക് ആകെ തുകയുടെ

ഉപാധിരഹിത സ്റ്റേ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>അമ്പലപ്പുഴ മണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ</u>

4122. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുക; വ്യക്തമാക്കാമോ;

(സി) ഒരു സാമ്പത്തിക വർഷത്തെ പ്രവൃത്തി ആ വർഷംതന്നെ പൂർത്തിയാക്കാൻ കഴിയുന്ന രൂപത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികൾ</u>

4123. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി മണ്ഡലത്തിൽ 2011-2012 വർഷത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഇത് വരെയും ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം എന്നും പ്രസ്തുത പ്രവൃത്തികൾ ഏത് ബ്ലോക്ക് / പഞ്ചായത്തുകൾക്ക് കീഴിലാണ് വരുന്നത് എന്നും വിശദമാക്കുമോ;

(ബി) 2012-2013 വർഷത്തെ പദ്ധതികളിൽ ഇതുവരെയും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; അവ ഏത് പഞ്ചായത്തുകളിൽ വരുന്നു; വിശദമാക്കുമോ;

(സി) 2013-2014 വർഷത്തെ പദ്ധതികളിൽ ഇതുവരെയും ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം; ഇവ ഏത് പഞ്ചായത്തുകളിൽ; വിശദമാക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എത്ര തവണ അവലോകനം നടന്നിട്ടുണ്ട് എന്നത് വിശദമാക്കുമോ;

(ഇ) എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിൽ കളക്ടേറ്റിൽ ഉണ്ടാകുന്ന പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമായ ഒരു അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം

4124. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കൂട്ടാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഡോക്ടർമാരുടെ പെൻഷൻ പ്രായം രണ്ടു തവണയായി നീട്ടിക്കൊടുത്തതിന്റെ കാരണമെന്താണ്;

(സി) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ നിയമനം നടത്താനാവശ്യമായ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ?

## സർക്കാർ കക്ഷിയാവുന്ന കേസ്സുകൾ

4125. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കക്ഷിയാവുന്ന കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ ഉദ്യോഗസ്ഥരും, സർക്കാർ അഭിഭാഷകരും കൂടുതൽ ജാഗ്രത പുലർത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകാറുണ്ടോ;

(ബി) ഓരോ കേസ്സിലും സർക്കാരിനെതിരെ വരുന്ന വിധികൾ പരിശോധിച്ച് അവയിലെ വീഴ്ചകൾ കണ്ടെത്തുന്നതിനും, ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കുന്നതിനും നിലവിൽ സംവിധാനങ്ങളുണ്ടോ;

(സി) ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

## പുസ്തകങ്ങൾ വാങ്ങുന്നതിന് എം. എൽ. എ. ഫണ്ട്

4126. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുസ്തകങ്ങൾ വാങ്ങി നൽകുന്നതിന് വേണ്ടി എം. എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിനായി നൽകിയതും 83948/എൻ. സി. നമ്പറായി ധനകാര്യവകുപ്പ് പ്രോസസ് ചെയ്തു വരുന്നതുമായ അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള വിശദാംശങ്ങൾ സമർപ്പിക്കുന്നതിലെ കാലതാമസം

4127. ശ്രീ.വി.ശിവൻകുട്ടി

,, എ.എം. ആരിഫ്

,, എസ്.ശർമ്മ

,, സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതത് വർഷത്തെ പദ്ധതി ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ കേന്ദ്ര സർക്കാരിന് സമർപ്പിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിന് സാധിക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിക്കാത്തതു കാരണം കേന്ദ്രവിഹിതം ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) കേന്ദ്രത്തിൽ നിന്നും അർഹമായ വിഹിതം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പോലും സർക്കാർ ജാഗ്രത പാലിക്കുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

<u>ശമ്പളപരിഷ്കരണം</u>

T *4128. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒമ്പതാം ശമ്പളപരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അഞ്ചു വർഷതത്വം ഉറപ്പാക്കി എപ്പോൾ ശമ്പളപരിഷ്കരണ നടപടികൾ പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ?

<u>മൂർക്കാട്ടിൽപടി പമ്പ് ഹൗസ് റോഡിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ</u>

4129. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പി.എം .ജി .എസ്.വൈ പദ്ധതി പ്രകാരം നടക്കുന്ന മൂർക്കാട്ടിൽപടി പമ്പ് ഹൗസ് റോഡിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് ധനകാര്യവകുപ്പിൽ നിലവിലുള്ള 90153/Fin/Dev/14 എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ ഫയലിന്റെ സി .ടി .ഇ പരിശോധന പൂർത്തീകരിച്ചോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## **10-**ാം ശമ്പള പരിഷ്കരണ കമ്മീഷൻ

T *4130. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളപരിഷ്കരണത്തിനായുള്ള 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ എന്നാണ് നിയമിച്ചതെന്നു വ്യക്തമാക്കാമോ;

(ബി) 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷന് അനുവദിച്ച സമയപരിധി എത്ര ആണെന്നും ആയത് നീട്ടി നൽകിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ഡി) ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

## **10-**ാം ശമ്പള കമ്മീഷൻ

T *4131. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-ാം ശമ്പള കമ്മിഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചത്

(ബി) കമ്മിഷന്റെ കാലാവധി സർക്കാർ എന്നൊക്കെ നീട്ടിനൽകി അറിയിക്കാമോ;

## ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഒഴിവുകൾ

4132. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ; ജില്ലതിരിച്ച് അറിയിക്കുമോ?

## ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രമോഷൻ

4133. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രമോഷൻ നടത്തുവാൻ ഡി.പി. ലിസ്റ്റ് നിലവിൽ ഉണ്ടോ

എന്ന് വിശദമാക്കാമോ;

(ബി) യഥാസമയം ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രമോഷൻ നടക്കാത്തതിനാൽ വകുപ്പിന്റെ കാര്യക്ഷമത ഇല്ലാതായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ നടക്കാത്തതിനുള്ള തടസ്സം എന്താണ് അറിയിക്കുമോ;

(സി) തടസ്സം മാറ്റി പ്രമോഷൻ എന്ന് നടത്താനാകുമെന്ന് വിശദമാക്കാമോ?

## പെട്രോളിയം ഉല്പന്നങ്ങൾക്ക് വില്പന നികുതി

4134. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന പെട്രോളിയം ഉല്പന്നങ്ങൾക്ക് എത്ര രൂപയുടെ വില്പന നികുതിയാണ് ഒരു ലിറ്ററിന് ചുമത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പണയ സ്വർണ്ണം ലേലം നടത്തിയതിൽ വാറ്റ് ചുമത്തിയ നടപടി

4135. **ശ്രീ.അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ അർബൻ ബാങ്കിൽ പണയ സ്വർണ്ണം ലേലം നടത്തിയതിൽ വാറ്റ് ചുമത്തിയതിനെതിരെ ബാങ്ക് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തോ എന്നറിയിക്കുമോ?

## വില്പന നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടാകാതിരുന്നതിന്റെ കാരണങ്ങൾ

4136. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാന വില്പന നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധന ഉണ്ടാകാതിരുന്നതിന്റെ പ്രധാന കാരണങ്ങൾ അറിയാമോ ; വിശദമാക്കാമോ ;

(ബി) ഈ വർഷം ഓണക്കാലത്ത് വില്പന നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നു ; ലഭിച്ചത് എത്ര; കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഇതേ കാലയളവിൽ എത്ര ശതമാനമായിരുന്നു ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നികുതികളായിരുന്നു വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നത്; അതിന്റെ പശ്ചാത്തലത്തിൽ നികുതി വർദ്ധന എത്ര

ശതമാനമായി ഉയരേണ്ടതുണ്ടായിരുന്നു ; എന്നിട്ടും ആനുപാതിക വളർച്ച ഉണ്ടാകാതിരുന്നത് ഏതെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു ?

<u>നികുതി ഘടനയിൽ മാറ്റം</u>

4137. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

,, പി.ബി. അബ്ദുൾ റസാക്

,, എൻ. ഷംസുദ്ദീൻ

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ സ്റ്റഡീസ് നികുതി പരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ അടുത്തകാലത്ത് നൽകിയിട്ടുണ്ടോ; എന്തെങ്കിലും പഠനം നടത്താൻ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) നികുതി വെട്ടിപ്പിനുള്ള സാഹചര്യം ഇല്ലാതാക്കുന്നതിന് നികുതിഘടന ലഘൂകരിക്കുകയും ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി അതതുമാസം തന്നെ ഖജനാവിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ?

<u>ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെയുള്ള കോഴിക്കടത്ത് തടയുന്നതിന് നടപടി</u>

4138. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്ക് ചെക്ക് പോസ്റ്റുകൾ വഴിയല്ലാതെ കോഴിക്കടത്ത് നടക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ; ഇതിനായി എത്ര സ്ക്വാഡുകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ;

(സി) ഈയിനത്തിൽ 2011 മുതൽ ലഭിച്ച നികുതിവരുമാനം സംബന്ധിച്ച ഓരോ വർഷത്തെയും വിശദാംശം നൽകുമോ?

## കേന്ദ്ര നികുതി വിഹിതം

4139. ശ്രീ.സി.ദിവാകരൻ

,, ഇ.കെ.വിജയൻ

,, ചിറ്റയം ഗോപകുമാർ

,, മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14 എന്നീ വർഷങ്ങളിലെ കേന്ദ്ര നികുതി വിഹിതമായി ലഭിച്ച തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

## വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിലെ വരുമാനം

4140. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ചെക്ക് പോസ്റ്റുകൾ വഴി എത്ര രൂപ പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(സി) 2014-15 ൽ നാളിതുവരെ എത്ര രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാംശം നൽകുമോ;

(ഡി) വാണിജ്യ നികുതി വകുപ്പിൽ 2013-14 വർഷത്തെ മൊത്തം നികുതി വരുമാനം , 2014-15 വർഷത്തിൽ നാളിതുവരെ ലഭിച്ച നികുതി വരുമാനം എന്നിവയുടെ വിശദമാംശം ലഭ്യമാക്കുമോ ?

## വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

4141. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ എണ്ണം എത്ര; എത്ര ജീവനക്കാരെ ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്; ഇവരുടെ പ്രവർത്തനത്തിന് പുറമെ മറ്റ് അന്വേഷണവും നികുതി തട്ടിപ്പും കണ്ടെത്തുന്നതിനുമായി എത്ര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇവരുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇവരിൽ വീഴ്ച, അഴിമതി തുടങ്ങിയ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ ഈ സർക്കാർ ഓരോ വർഷവും ഇത്തരത്തിൽ എത്ര പേരെ കണ്ടെത്തി;ഇതിൽ അന്വേഷണ വിധേയമായി സസ്പെഷൻ, കടുത്ത ശിക്ഷ എന്നിവ ലഭിച്ച ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വഹിച്ച പദവി എന്താണെന്നും വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഈ അവസരത്തിൽ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലെ നികുതി ചോർച്ച കണ്ടെത്തി ധനസമാഹരണം കുറ്റമറ്റതാക്കാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;വെളിപ്പെടുത്തുമോ;

(ഡി) നടപ്പ വർഷം വിവിധ ചെക്ക്പോസ്റ്റുകളിൽ ഉദ്ദേശിച്ച നികുതി പിരിവ് എത്ര; നാളിതുവരെ എത്ര പിരിച്ചു; നാളിതുവരെ ഏറ്റവും കൂടുതൽ തുക നികുതിയിനത്തിന് പിരിച്ചെടുത്ത ചെക്ക്പോസ്റ്റ്, ഏറ്റവും കുറഞ്ഞ തുക പിരിച്ചെടുത്ത ചെക്ക്പോസ്റ്റ് ഏതെല്ലാമെന്ന് അറിയിക്കുമോ;

(ഇ) മറ്റ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയാത്തതുമൂലം ചെക്ക്പോസ്റ്റുകൾ വഴി വ്യാജ മദ്യം, കഞ്ചാവ് ഉൾപ്പെടെ പാൻമസാല ഉല്പന്നങ്ങൾ, സ്പിരിറ്റ്, വെടിക്കോപ്പുകൾ ഉൾപ്പെടെ വെടിമരുന്നുകൾ, കോഴികൾ, കാലികൾ തുടങ്ങിയവ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ ഇതു തടയുവാൻ വകുപ്പുകളുടെ പ്രവർത്തനം ഏകോപിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>വിൽപന നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പരിശോധനാ നടപടി</u>

4142. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ സാമ്പത്തിക വർഷം നാളിതുവരെ നികുതി വെട്ടിപ്പ് തടയാനായി ഇറക്കുമതി ഫർണിച്ചർ വില്പന സ്ഥാപനങ്ങൾ, കാർ ഉപകരണ വില്പന സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ എത്ര സ്ഥാപനങ്ങളിൽ വില്പന നികുതി വകുപ്പ് പരിശോധനകൾ നടത്തിയിട്ടുണ്ട്;

(ബി) ഇവയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാം എന്നും എത്ര തുകയുടെ ക്രമക്കേടുകളും വെട്ടിപ്പും കണ്ടെത്തിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ:

(സി) നികുതി വകുപ്പ് നടപ്പ് വർഷം നാളിതുവരെ എത്ര സ്വർണ്ണ വിപണന കേന്ദ്രങ്ങൾ പരിശോധിച്ചുവെന്നും എന്തെങ്കിലും ക്രമക്കേടുകളോ, നികുതി വെട്ടിപ്പോ കണ്ടെത്തിയോ എന്നും വ്യക്തമാക്കുമോ; എത്ര തുകയുടെ നികുതി വെട്ടിപ്പാണ് ഇത്തരത്തിൽ കണ്ടെത്തിയത്; ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ സ്വർണ്ണ വിപണന കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വിപണനം നടത്തുന്ന ബ്രാൻഡെഡ് ഉൾപ്പെടെയുള്ള വിവിധ ഉല്പന്നങ്ങൾക്ക് യഥാർത്ഥ വിലയെക്കാൾ കൂടുതൽ തുക വിലയായി പ്രിന്റ് ചെയ്ത് പല വിലകളിൽ കച്ചവടം നടത്തി ഉപഭോക്താക്കളെ കബളിപ്പിക്കുന്നതും ഇതിലൂടെ ഉണ്ടാകുന്ന നികുതി വെട്ടിപ്പും കണ്ടെത്തി തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ ബ്രാൻഡെഡ് ഉല്പന്ന വിപണനത്തിലൂടെ നികുതി വെട്ടിപ്പ് നടത്തിയതിൻമേൽ നടപ്പ വർഷം നാളിതുവരെ എത്ര തുക പിഴയിനത്തിൽ ഈടാക്കി?

<u>വാണിജ്യ നികുതി പരിശോധനയ്ക്ക് സ്കാനിംഗ് മെഷീൻ</u>

4143. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, അൻവർ സാദത്ത്

,, ആർ . സെൽവരാജ്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി പരിശോധനാ കേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചരക്കുകളുടെ പരിശോധന കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പ്രസ്തുത നടപടി എത്രമാത്രം സഹായകരമാകും എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>പ്രത്യേക സാമ്പത്തിക മേഖല **(സെസ്സ്)**</u>

4144. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്) അനുവദിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് പറയാമോ;

(ബി) പ്രസ്തുത മേഖലകളിൽ സെസ്സ് അനുവദിക്കാനുണ്ടായ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) സെസ്സ് അനുവദിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങളും അവിടെ പ്രവർത്തിക്കുന്ന കമ്പനികൾ നൽകിയിട്ടുള്ള ഉറപ്പുകളും നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) രാജ്യത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ അനുവദിച്ചവ ലക്ഷ്യപ്രാപ്തിയിലെത്തുന്നതിൽ വിജയം കൈവരിച്ചില്ലെന്നും അതു കാരണം ഭീമമായ നികുതി നഷ്ടം സംഭവിക്കുന്നുമെന്നുമുള്ള സി.എ.ജി യുടെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ നമ്മുടെ സംസ്ഥാനത്തെ സെസ് മേഖലകളിലും നികുതി വരുമാനവും മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങളും കൈവരിക്കുന്നതിലുള്ള നിരീക്ഷണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആംനസ്റ്റി

4145. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ്

,, പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംനസ്റ്റി പദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് വ്യാപാരികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകളിലെ അഴിമതി

4146. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകളിൽ വ്യാപകമായ അഴിമതി നടക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ചെക്ക് പോസ്റ്റുകളിലെ ജീവനക്കാർക്കെതിരെ എത്ര വിജിലൻസ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) വിജിലൻസ് കേസിൽ ഏതെല്ലാം ജീവനക്കാരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ?

## രജിസ്ട്രേഷൻ ഇല്ലാത്ത ചിട്ടി സ്ഥാപനങ്ങൾ

T *4147. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഇല്ലാതെ ചിട്ടി നടത്തുന്ന ചിട്ടി സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര ചിട്ടികൾ ഇപ്രകാരം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്; ഇത്തരം ചിട്ടികളിലൂടെ എത്ര രൂപയുടെ നഷ്ടമാണ് സർക്കാരിന് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയോ, ചിട്ടികളെയോ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ വകുപ്പിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(എഫ്) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന എത്ര ചിട്ടി സ്ഥാപനങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

## **2013-14** വർഷത്തെ നികുതി വരവ്

4148. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ എത്ര നികുതി വരവ് ഉണ്ടാവുമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്; പ്രതീക്ഷിച്ച വരവ് എത്ര; യഥാർത്ഥ വരവ് എത്ര; 30.11.2014 ലെ കണക്ക് പ്രകാരം വിശദമാക്കാമോ;

(ബി) ടി സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും എത്രയാണ് നികുതി വിഹിതമായി ലഭിച്ചത്; എത്രയാണ് യഥാർത്ഥത്തിൽ ലഭിക്കേണ്ടിയിരുന്നത്; കുറവു വന്നിട്ടുണ്ടെങ്കിൽ എന്താണ് കാരണം എന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാർ ഹെഡുകളിൽ നിന്നും തുക വിനിയോഗിക്കുന്നതിന് നിലവിൽ എന്തെല്ലാം നിർദേശങ്ങൾ ആണ് ധനകാര്യവകുപ്പ് വിവിധ വകുപ്പ് തലവൻമാർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ നികുതികൾ ആണ് വർദ്ധിപ്പിച്ചതെന്ന് വിശദാംശം നൽകാമോ?

വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ ട്രഷറി

4149. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാണ് ഇത് നിർത്തലാക്കിയത്; ആയതിനു കാരണമായ സാഹചര്യം വിശദമാക്കാമോ;

(ബി) നിരവധി രോഗികളും വൃദ്ധരുമായ പെൻഷൻകാർക്ക് വളരെ ആശ്വാസകരമായിരുന്ന പ്രസ്തുത വൺമാൻ ട്രഷറി പുനഃസ്ഥാപിക്കുന്നതിനോ ,ഒരു പുതിയ സബ്ട്രഷറി സ്ഥാപിക്കുന്നതിനോ തയ്യാറാകുമോ?

കണ്ണൂർ ജില്ലയിൽ ചെറുപുഴ സബ്ട്രഷറിയിലെ അക്കൗണ്ടന്റ്, ട്രഷറർ തസ്തികകൾ

4150. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ സബ്ട്രഷറിയിൽ അക്കൗണ്ടന്റ് , ട്രഷറർ തസ്തികകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

ട്രഷറികളിൽ സർവർ സംവിധാനം

4151. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ സർവർ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; ട്രഷറി അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് ലഭ്യമാക്കുന്നതിനു എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;ഇത് എന്നു മുതൽ ലഭ്യമാക്കുമെന്ന് വിശദമാക്കാമോ;

ട്രഷറികമ്പ്യൂട്ടർവൽക്കരണം

4152. ശ്രീ.അൻവർ സാദത്ത്
,, ജോസഫ് വാഴയ്ക്കൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും

ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത നടപടിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ട്രഷറി കമ്പ്യൂട്ടർവൽക്കരണം മൂലം ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ലോട്ടറി വകുപ്പിലെ കരാർ നിയമനങ്ങൾ</u>

4153. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ / ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനം നിർത്തലാക്കുന്നതിന് തീരുമാനിച്ചതിന്റെ / ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ലോട്ടറി വകുപ്പിൽ, കാരുണ്യബനവലന്റ് ഫണ്ടിൽ ലെയ്സൺ ഓഫീസർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും സ്ഥിരനിയമനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത സർക്കാർ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തസ്തികയിലെ നിയമനത്തിനും നിയമനം സ്ഥിരപ്പെടുത്തുന്നതിനും ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികളുടെയും ഉത്തരവിന്റെയും വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കാമോ;

(ഇ) ഈ നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>സമ്മാന തുക ലഭിക്കാത്തവരുടെ കേസുകൾ</u>

4154. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക സ്വദേശിയും കോഴിക്കോട് കാവിലുംപാറയിൽ ജോലിചെയ്തു വരുന്നയാളുമായ ശ്രീ. ഹമീദ് എന്നയാൾ കേരള ലോട്ടറിയുടെ സമ്മാനാർഹൻ ആയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആൾക്ക് സമ്മാനതുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ടിയാൻ സർക്കാരിനെ എതിർകക്ഷിയാക്കി കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നോ എന്നും കേസിൽ അന്തിമ വിധി വന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) അന്തിമ വിധി പ്രകാരം ടിയാന് സമ്മാന തുക നൽകുവാൻ കോടതി വിധി വന്നിട്ടുണ്ടോ എന്നും അപ്രകാരം സമ്മാന തുക നൽകിയിട്ടുണ്ടോ എന്നും സമ്മാനതുക നൽകിയിട്ടില്ലെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ?

## ലോട്ടറി

4155. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ലോട്ടറികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) 2013-14 സാമ്പത്തിക വർഷം ലോട്ടറിയുടെ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2014 ഏപ്രിൽ 1 മുതൽ നവംബർ വരെ എത്ര തുക ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## കാരുണ്യ ചികിത്സ ധനസഹായ പദ്ധതി

4156. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സ ധനസഹായ പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര തുക ധനസഹായമായി വിതരണം ചെയ്തു; ജില്ലാടിസ്ഥാനത്തിൽ കണക്ക് 31/10/14 -ലേത് പ്രകാരം പ്രസിദ്ധീകരിക്കാമോ?

(ബി) കാരുണ്യ ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുന്ന ആശുപത്രികളുടെ പട്ടികയിൽ പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ നിന്നും ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? വിശദമാക്കാമോ?

## കാരുണ്യ ബനവലന്റ് ഫണ്ടിലെ ലയ്സൺ ആഫീസർമാരുടെ നിയമനം

4157. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിൽ എത്ര ലയ്സൺ ആഫീസർമാരെ നിയമിച്ചിട്ടുണ്ട്; എന്നാണ് അവരെ നിയമിച്ചത്; നിയമനരീതി എന്തായിരുന്നു; വിശദമാക്കാമോ;

(ബി) അവർക്ക് തുടക്കത്തിൽ നിശ്ചയിച്ചിരുന്ന ശമ്പളം എത്രയാണ്; ഇപ്പോൾ എത്രയാണ് നൽകുന്നത്; എപ്പോഴെങ്കിലും ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെയും വിശദാംശങ്ങൾ നല്കാമോ;

(സി) ഇവരെ സ്ഥിരപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ?

## കാരുണ്യ ബെനവലന്റ് ഫണ്ട്

4158. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അതിർത്തി ജില്ലകളിലെ രോഗികൾക്കു വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിലെ ആശുപത്രികളിൽ കൂടി കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ആനുകൂല്യം വ്യാപിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

## കാരുണ്യ ബെനവലന്റ് ഫണ്ട് - പാവപ്പെട്ട രോഗികൾക്ക് സൗജന്യ വിദഗ്ധ ചികിത്സാ സൗകര്യം

4159. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ**

**,,** എം.ഉമ്മർ

**,,** കെ.മുഹമ്മദുണ്ണി ഹാജി

**,,** പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ജീവകാരുണ്യപരമായ വിനിയോഗം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഗുരുതരരോഗബാധിതരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ വിദഗ്ധ ചികിത്സാ സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിലെ സർക്കാർ ആശുപത്രികളോടനുബന്ധിച്ച് സ്ഥല സൗകര്യം ലഭ്യമാവുമെങ്കിൽ സർവ്വസജ്ജമായ കാരുണ്യ വാർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ചികിത്സാ സഹായം

4160. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫണ്ട് അനുവദിക്കപ്പെട്ട രോഗി ചികിത്സയ്ക്കിടെ മരണപ്പെട്ടാൽ അനുവദിച്ച തുക, ആശുപത്രി ചെലവിനായി ആശ്രിതർക്ക് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാരുണ്യ പദ്ധതി പ്രകാരം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള സംസ്ഥാനത്തെയും പുറത്തെയും അംഗീകൃത ആശുപത്രികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

പരിയാരം മെഡിക്കൽ കോളേജിലെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

4161. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിലെ എത്ര രോഗികൾക്ക് ഇതുവരെ ചികിത്സാധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ; എത്ര രൂപയുടെ ചികിത്സാ ധന സഹായമാണ് ഇതുവരെ ഇവിടെ നൽകിയത്; ഇനി ഇവിടെ എത്ര രൂപ കുടിശ്ശികയുണ്ട് ; വിശദാംശം നൽകുമോ ;

(ബി) ഐഡിയോപ്പതിക് ത്രോംബോസൈറ്റോപെനിക് പർപ്പ്യൂറ (ഐ. റ്റി. പി.) പോലെയുള്ള ചികിത്സാചെലവ് കൂടിയ അസുഖങ്ങളെ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഏതൊക്കെ അസുഖങ്ങളെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ?

കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കാനാവശ്യമായ ക്രമീകരണങ്ങൾ

4162. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ രോഗികൾക്ക് 3000/-രൂപ ചികിത്സാ സഹായം നല്കുന്ന കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ ധനകാര്യ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) എം.എൽ.എ മാരുടെ കവറിംഗ് ലെറ്ററോടു കൂടി വകുപ്പ മന്ത്രിക്ക് സമർപ്പിക്കുന്ന ടി അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കാനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## ലോട്ടറിയുടെ സമ്മാന ഘടന പരിഷ്കരണം

4163. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ലോട്ടറിയുടെ സമ്മാന ഘടന പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇപ്പോഴത്തെ സമ്മാന ഘടനയ്ക്കു പകരം കൂടുതൽ വ്യക്തികൾക്കു നേട്ടമുണ്ടാകുന്ന രീതിയിൽ സമ്മാന ഘടനയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തയ്യാറാകുമോ;

(സി) ലോട്ടറി തുകയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന ടാക്സ് ഘടനയിലും കാലോചിതമായ മാറ്റം വരുത്തുന്നത് ആലോചിക്കുമോ?

## അന്യസംസ്ഥാന ലോട്ടറി മാഫിയ

4164. ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി.ഡി. ദേവസ്സി
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറികൾ വില്പന നടത്തുന്നതിനുള്ള സജീവ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോട്ടറി തട്ടിപ്പ് നടത്തി വിവാദത്തിലായ വ്യക്തി ബിനാമിയായി അന്യസംസ്ഥാന ലോട്ടറി സംസ്ഥാനത്ത് വിറ്റഴിക്കുന്നതിന് നടത്തുന്ന നീക്കമാണ് ഇതിനു പിന്നിലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) അന്യസംസ്ഥാന ലോട്ടറി വില്പന സംബന്ധിച്ച പ്രശ്നത്തിൽ കേന്ദ്ര സർക്കാർ ഹിയറിംഗ് നടത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) അന്യസംസ്ഥാന ലോട്ടറി മാഫിയകൾക്ക് സംസ്ഥാനത്ത് കടന്നുവരാൻ അവസരം ലഭിച്ചാൽ സംസ്ഥാന ലോട്ടറിയെ ഏതെല്ലാം തരത്തിൽ പ്രതികൂലമായി

ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഭാഗ്യക്കുറി സമ്മാനഘടന പരിഷ്കരണം

4165. ശ്രീ.സി.പി.മുഹമ്മദ്

,, വർക്കല കഹാർ

,, വി.ഡി.സതീശൻ

,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി സമ്മാനഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്കരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ലോട്ടറി സമ്മാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുമുഖേന വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) എന്ന് മുതലാണ് ഭാഗ്യക്കുറി സമ്മാനഘടനയിൽ പരിഷ്കരണങ്ങൾ നിലവിൽ വന്നിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ. ഈടാക്കുന്ന പലിശ സംബന്ധിച്ച പരാതി

4166. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ യുടെ ടേണോവർ, നിക്ഷേപം, ലാഭം, അറ്റാസ്തി ഓരോന്നും എത്ര കോടി രൂപ വീതമാണ്; പ്രസ്തുത സ്ഥാപനം എത്ര കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വായ്പകൾക്ക് കെ.എസ്.എഫ്.ഇ പലിശ, പിഴപ്പലിശ എന്നിവ കൂടുതലായിട്ടാണ് ഈടാക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം നൽകുമോ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരത്തിലുള്ള എത്ര പരാതികൾ വകുപ്പിന് ഓരോ വർഷവും ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇയുടെ ഇത്തരം ചൂഷണങ്ങളിൽ നിന്നും ഉപഭോക്താക്കൾക്ക് സഹായം ലഭിക്കാനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) കെ. എസ്.എഫ്.ഇ യുടെ പ്രവർത്തന മേഖലയിൽ മുതലിനെക്കാൾ കൂടുതൽ പലിശ വാങ്ങുന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എന്ത് നടപടി സ്വീകരിച്ചുവെന്നും വിവിധ കോടതികളിൽ കെ.എസ്.എഫ്.ഇ.യ്ക്ക് എതിരെ

ഇത്തരത്തിൽ എത്ര കേസ്സുകൾ നിലനിൽക്കുന്നുവെന്നും വ്യക്തമാക്കുമോ?

## പുതിയ കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾ

4167. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ യുടെ പുതിയ ബ്രാഞ്ചുകൾ ആവശ്യമായ എല്ലായിടത്തും ആരംഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇത്തരം ബ്രാഞ്ചുകളിലൂടെ ജനങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ നടപ്പാക്കുമോ?

## KSFE, KFC സ്വയം സംരഭകത്വ പദ്ധതി പ്രകാരമുള്ള വായ്പാ സൗകര്യം

4168. **ശ്രീ.തോമസ് ഉണ്ണിയാടൻ**

**,, മോൻസ് ജോസഫ്**

**,, റ്റി.യു. കുരുവിള**

**,, സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) KSFE, KFC മുതലായ സ്ഥാപനങ്ങളിൽ നിന്നും സ്വയം സംരഭകത്വ പദ്ധതി പ്രകാരം നല്കി വരുന്ന വായ്പാ സൗകര്യം കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുമോ ;

(ബി) ഇങ്ങനെ നല്കുന്ന വായ്പകൾക്ക് കൂടുതൽ പലിശ ഇളവ് നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് കൂടുതൽ സഹായങ്ങൾ നല്കുന്ന കാര്യം പരിഗണിക്കുമോ?

## സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതിയുടെ സ്റ്റേറ്റ്മെന്റ്

4169. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കു വേണ്ടിയുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതിയുടെ ഒരു സ്റ്റേറ്റ്മെന്റ് പി.എഫ് സ്റ്റേറ്റ്മെന്റ് പോലെ വർഷാവർഷം അതിന്റെ വരിക്കാർക്ക് എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) നാളിതുവരെ ഇത്തരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ?

## സ്റ്റാമ്പ് - വെണ്ടർമാരുടെ സ്ഥിതി വിവര കണക്ക്

4170. ശ്രീ.കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാരുണ്ട്; ഓരോ ജില്ലയിലെയും പ്രത്യേക കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും സ്ഥിരം വെണ്ടർമാർ എത്ര പേരുണ്ട്;

(സി) ഓരോ ജില്ലയിലും താല്ക്കാലികമായും / ലീവ് വേക്കൻസിയിലുമായി എത്ര വെണ്ടർമാർ തുടരുന്നുണ്ട്;

(ഡി) 2010 ജനുവരി മുതൽ 2014 ഒക്ടോബർ വരെ എത്ര വെണ്ടർമാർ മരണമടഞ്ഞു;

(ഇ) മരണമടഞ്ഞ വെണ്ടർമാരിൽ എത്ര പേരുടെ ആശ്രിതർക്ക് വെണ്ടർ നിയമനം നൽകി; ഇനി എത്ര പേരുടെ അപേക്ഷകൾ പരിഗണിക്കാതെ വച്ചിട്ടുണ്ട്; എന്ത് കാരണത്താൽ എന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിൽ ചെറുപുഴ സബ്ട്രഷറിയിൽ സ്റ്റാമ്പ് ഡിപ്പോ

4171. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ 2012 ൽ ആരംഭിച്ച ചെറുപുഴ സബ്ട്രഷറിയിൽ സ്റ്റാമ്പ് ഡിപ്പോയുടെ പ്രവർത്തനം ഇതേവരെ ആരംഭിക്കാത്തതിനാൽ ആവശ്യക്കാർ പ്രയാസം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റാമ്പ് ഡിപ്പോ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗത്തിൽ സ്റ്റാമ്പ് ഡിപ്പോ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

## കാസർഗോഡ് നഗരത്തിൽ സ്റ്റാമ്പ് വെണ്ടർമാരുടെ ലഭ്യത.

4172. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണുള്ളത്;

(ബി) നഗരത്തിൽ അനുഭവപ്പെടുന്ന സ്റ്റാമ്പ് പേപ്പർ ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് താലൂക്ക് ഓഫീസിനു പുറത്ത് അംഗീകൃത സ്റ്റാമ്പ് വെണ്ടർ ഉണ്ടോ; ഉണ്ടെങ്കിൽ ഇയാളുടെ സേവനം പലപ്പോഴും ജനങ്ങൾക്കു ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാസർഗോഡ് നഗരത്തിൽ പുതുതായി സ്റ്റാമ്പ് വെണ്ടറിനു അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരിൽ നിന്ന്; പ്രസ്തുത അപേക്ഷ പ്രകാരം സ്റ്റാമ്പ് വെണ്ടറെ എപ്പോൾ നിയോഗിയ്ക്കുമെന്ന് അറിയിക്കാമോ ?

<u>മുദ്രപത്രങ്ങൾ വിൽപ്പന നടത്തുന്ന ട്രഷറികൾ</u>

4173. **ശ്രീ.കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മുദ്രപത്രങ്ങൾ വിൽപന നടത്തി വരുന്ന ട്രഷറികൾ ഏതെല്ലാം; ഓരോ ജില്ലയിലെയും പ്രത്യേക കണക്കുകൾ വ്യക്തമാക്കാമോ;

(ബി) 2012-ഏപ്രിൽ മുതൽ 2013 മാർച്ച് വരെയും, 2013-ഏപ്രിൽ മുതൽ 2014 മാർച്ച് വരെയും സംസ്ഥാനത്ത് മുദ്രപത്രം / സ്റ്റാമ്പ് വില്പനയിലെ വരുമാനം എത്ര; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഏറ്റവും കൂടുതൽ വില്പന നടത്തിയ ജില്ല ഏത്;

(ഡി) 2012 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്ത് 10 രൂപ വിലയ്ക്കുള്ള മുദ്രപത്രം ട്രഷറിയിൽ നിന്നും എടുത്ത് ഏറ്റവും കൂടുതൽ വില്പന നടത്തിയ സ്റ്റാമ്പ് വെണ്ടർ ആരാണ്?

<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ അസിസ്റ്റന്റ് മാനേജർ നിയമനം</u>

4174. **ശ്രീ.എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് പി.എസ്.സി എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്;എത്ര ഒഴിവുകൾ അപ്പോൾ ഉണ്ടായിരുന്നു;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്;

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്;ഈ ലിസ്റ്റിലെ എൻ.സി.എ ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര പ്രാവശ്യം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ എൻ.സി.എ ഒഴിവുകൾ നികത്തപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

(ഇ) എൻ.സി.എ. ഒഴിവുകൾ നികത്തുന്നതിലേയ്ക്ക് തുടർച്ചയായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും യോഗ്യതാ മാനദണ്ഡം അനുസരിച്ച് ആളെ ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഒഴിവുകൾ നികത്തുമോ;

(എഫ്) നിലവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നികത്തപ്പെടാത്ത ഒഴിവുകൾ എത്രയുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ജി) എങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനു മുമ്പായി നിയമന നടപടികൾ സ്വീകരിക്കുമോ; കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ എന്ത് അനുപാതത്തിലാണ് അസിസ്റ്റന്റ് മാനേജരുടെ ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെയും നേരിട്ടുള്ള നിയമനത്തിനുമായി നിശ്ചയിച്ചിട്ടുള്ളത്;മുൻകാലങ്ങളിൽ കോർപ്പറേഷനിൽ ഉണ്ടായിട്ടുള്ള എത്ര ഒഴിവുകളാണ് സ്ഥാനക്കയറ്റത്തിലൂടെ നികത്തിയിട്ടുള്ളത്; ഇങ്ങനെ നികത്തിയ ഒഴിവുകൾ ആനുപാതികമായിട്ടാണോ നികത്തിയിട്ടുള്ളത്?

## ഗവൺമെന്റ് പ്ലീഡർമാരുടെയും പ്രോസിക്യൂട്ടർമാരുടെയും നിയമനത്തിലെ അഴിമതി

4175. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി, ജില്ലാ കോടതികളിലേക്ക് നടന്നിട്ടുള്ള ഗവൺമെന്റ് പ്ലീഡർമാരുടെയും, പ്രോസിക്യൂട്ടർമാരുടെയും നിയമനത്തിൽ അഴിമതി നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## നിയമവ്യവസ്ഥകൾ

T *4176. ശ്രീ.സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന്

,, കെ.എൻ.എ.ഖാദർ

,, പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ അടക്കി ഭരിക്കാൻ വേണ്ടിയുണ്ടാക്കിയ നിയമനിർമ്മാണ കാഴ്ചപ്പാടിൽ നിന്നും, സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സംസ്ഥാനത്തെ നിയമനിർമ്മാണ കാഴ്ചപ്പാടിന്, ഗുണപരമായ മാറ്റം എത്രത്തോളം ഉണ്ടായിട്ടുണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) നിയമങ്ങൾ അനുസരിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണെന്ന് ജനങ്ങളെ ബോധവത്ക്കരിക്കാൻ കൂടി ഉതകും വിധമുള്ള കാഴ്ചപ്പാട്, അധികാരകേന്ദ്രീകരണത്തിനും, ദണ്ഡനീതിക്കുമുപരിയായി നിയമ വ്യവസ്ഥകളിൽ ഉൾപ്പെടുത്തുന്ന നയം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) ബ്രിട്ടീഷ് ഭരണകാലത്ത് നിലനിന്നിരുന്ന എത്ര നിയമങ്ങൾ ഇപ്പോഴും സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടോ , അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ഡി) നിയമവ്യവസ്ഥകൾ അനുസരിക്കാൻ പര്യാപ്തമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താതെ, ശിക്ഷാവ്യവസ്ഥകൾ മാത്രം ഉൾപ്പെടുത്തുന്ന നിയമനിർമ്മാണ രീതി പരിഷ്കൃത സമൂഹത്തിനും മാറിയ ഭരണവ്യവസ്ഥയ്ക്കും അനുയോജ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## നിർമ്മിതി കേന്ദ്രം

4177. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മിതി കേന്ദ്രയെ പ്രത്യേക ബോർഡോ/കോർപ്പറേഷനോ ആക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) നിർമ്മിതി കേന്ദ്രയുടെ 2-ാം ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതെന്തുകൊണ്ട്;

(ഡി) നിർമ്മിതി കേന്ദ്രയിൽ സർവ്വീസ് റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

## ഭവന രഹിതർക്ക് വീട്

4178. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവന രഹിതർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രി - ഫാബ്രിക്കേറ്റഡ് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

## വീട് നിർമ്മാണത്തിലെ ധൂർത്ത്

4179. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യങ്ങൾ നിറവേറ്റും വിധവും ആഡംബരങ്ങൾ ഇല്ലാത്തതും ചെലവു കുറഞ്ഞതുമായ വീടുകളെ പ്രോത്സാഹിപ്പിക്കുന്നതിനും വീട് നിർമ്മാണത്തിലെ ധൂർത്ത് ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയാമോ;

(ബി) ആവശ്യത്തിനു വലിപ്പമുള്ളവയും ചെലവു ചുരുങ്ങിയതുമായ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും സാധാരണക്കാരായ ജനങ്ങളെ സഹായിക്കുന്നതിനും കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാമണ സാമഗ്രികൾ ലഭിക്കുവാനും ടാക്സ് ഇളവ് ലഭിക്കുവാനും ഓഫീസ് നപടിക്രമങ്ങൾ എളുപ്പമാക്കുവാനും നടപടി സ്വീകരിക്കുമോ?

## ഭവനശ്രീ പദ്ധതി - വായ്പാ തിരിച്ചടവ്

T *4180. **ശ്രീ.**ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ പദ്ധതിയിൽ പണം കടമെടുത്തവരുടെ കുടിശ്ശിക സർക്കാർ അടച്ചുതീർക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏതു കാലയളവിലുള്ള കടങ്ങൾക്കാണ് അതു ബാധകമാക്കിയിട്ടുള്ളത്;

(ബി) കടം അടച്ചുതീർത്താലും ബാങ്കുകൾ ആധാരം തിരിച്ചുനൽകാത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, അത്തരം പരാതികളിൽ പരിഹാരം കണ്ടെത്താൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; നൽകിയിട്ടില്ലെങ്കിൽ നിർദ്ദേശം നൽകാൻ ശ്രദ്ധിക്കുമോ?

## നിർമ്മിതി കേന്ദ്രപുനരുദ്ധാരണം

4181. ശ്രീ.ബെന്നി ബെഹനാൻ

,, കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, റ്റി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രം പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് സഹായം</u>

T *4182. ശ്രീ.എം.ഉമ്മർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, സി.മോയിൻ കുട്ടി

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതകേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സഹായം നല്കുന്നതിനുള്ള പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ ഏതെല്ലാം ഭവന പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും, ഓരോ പദ്ധതിയുടെയും സവിശേഷതകളും വ്യക്തമാക്കുമോ;

(സി) ഭൂരഹിതകേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്കുമാത്രമായി ഒരു പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനും, സംസ്ഥാനത്തു നടപ്പാക്കുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളുടെയും നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്യുന്നകാര്യം പരിഗണിക്കുമോ?

<u>കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികൾ</u>

4183. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണം ഏറ്റെടുത്ത എത്ര പ്രവൃത്തികൾക്ക് RE പാസ്സാക്കി നൽകിയിട്ടുണ്ടെന്നും ഇതെത്ര ശതമാനം വരെ എന്നും ജില്ല തിരിച്ചും പ്രവൃത്തി തിരിച്ചും വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ സബ് കോൺട്രാക്ട് ലഭിച്ചവരാരൊക്കെ എന്നും വ്യക്തമാക്കാമോ?

<u>ചങ്ങനാശ്ശേരിയിൽ ഭവനനിർമ്മാണ വകുപ്പിന്റെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്താൻ നടപടി</u>

4184. **ശ്രീ.സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ റവന്യൂ ടവറിനു സമീപം കേരള സംസ്ഥാന ഭവനനിർമ്മാണ വകുപ്പിന്റെ സ്ഥലം വർഷങ്ങളായി പ്രയോജന രഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ജനോപകാരപ്രദമായ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ എത്രയും വേഗം നടപടി സ്വീകരിക്കുമോ?

<u>പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ</u>

4185. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിൽ ഉൽപാദനം ആരംഭിച്ചിട്ടില്ല; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഉൽപാദനം ആരംഭിക്കാത്ത സ്ഥാപനങ്ങളിൽ തടസ്സങ്ങൾ നീക്കി ഉൽപാദനം ആരംഭിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## പരമ്പരാഗത വ്യവസായമേഖലയിലെ പ്രതിസന്ധി

4186. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; അതിനായി ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിരുന്നുവോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ കൈത്തറി / നെയ്ത്ത് വ്യവസായ സഹകരണ സംഘങ്ങൾ പുനരുദ്ധീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പാലക്കാട് കൈത്തറി/നെയ്ത്ത് മേഖലയിൽ വൻതോതിൽ നിക്ഷേപം ഉറപ്പിക്കാനും മറ്റുമായി വ്യവസായ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

## മൾട്ടിലെവൽ മാർക്കറ്റിംഗ് റെഗുലേറ്ററി അതോറിറ്റി

4187. ശ്രീ.റ്റി.എൻ. പ്രതാപൻ

,, പി.എ.മാധവൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ബഹുതല വ്യാപാര വ്യവസായ നിയന്ത്രണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് അതോറിറ്റിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നിയമനിർമ്മാണപ്രക്രിയയുടെ ഇപ്പോഴുള്ള അവസ്ഥ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

## പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്ന നടപടി

4188. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കാത്ത ജില്ലകളിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ അവസാനിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിച്ചതുമായ നടപടികൾ എന്തൊക്കെയാണ്?

<u>മാവൂർ ഗ്വാളിയോർ റയൺസ് വക സ്ഥലം</u>

4189. ശ്രീ.പി.റ്റി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയൺസിന്റെ കൈവശത്തിൽ എത്ര സ്ഥലമാണുള്ളത്; ഇതിൽ എത്ര ഏക്കർ കമ്പനി സ്വയം ആർജ്ജിച്ചതായുണ്ട്;

(ബി) പ്രസ്തുത കമ്പനിക്ക് നഷ്ടപരിഹാരം നൽകി സ്വത്തുക്കൾ ഏറ്റെടുത്ത് കിൻഫ്രയെ ഏൽപ്പിക്കുന്നതിന് തയ്യാറാവുമോ?

<u>ബാംബൂ കോർപ്പറേഷന്റെ പ്രതിസന്ധി</u>

4190. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന്റെ പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രതിസന്ധി പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ബാംബൂ ബോർഡ് ഫാക്ടറി മൂന്നുതവണ നിർത്തിവയ്ക്കേണ്ടി വന്നതിന്റെയും ഓഫ് ചെയ്യേണ്ടിവന്നതിന്റെയും കാരണം വ്യക്തമാക്കാമോ?

<u>റാന്നി മണ്ഡലത്തിലെ ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്</u>

4191. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിലെ ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് നിർമ്മിക്കുന്നതിനായി പി ഐ പി വക എത്ര ഭൂമിയാണ് പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്; എത്രവർഷത്തേക്കാണ് ലഭിച്ചിട്ടുള്ളത്; പാട്ടത്തുക എത്രവീതമാണ് ഓരോ വർഷവും അടയ്ക്കേണ്ടത്; ഇതേവരെ പാട്ടത്തുകയിനത്തിൽ എത്രതുകയാണ് അടച്ചിട്ടുള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; പാട്ടവ്യവസ്ഥകൾ എന്തൊക്കെ എന്നു വ്യക്തമാക്കാമോ;

(ബി) ഇവിടെ അപ്പാരൽ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(സി) പാട്ട വ്യവസ്ഥയുടെ ലംഘനമുണ്ടാകാതെ, കിൻഫ്രയുടെ തന്നെ നേതൃത്വത്തിൽ ഈ ഭൂമിയിൽ എന്തെങ്കിലും വ്യവസായ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>വ്യവസായ ഗ്രാമ പ്രഖ്യാപനം</u>

4192. ശ്രീ.അൻവർ സാദത്ത്

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ.മുരളീധരൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യത്തെ വ്യവസായ ഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

(ബി) വ്യവസായ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്?

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി) സംസ്ഥാനത്ത് അനുകൂലമായ സ്ഥലങ്ങളിൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? വിശദാംശങ്ങൾ എന്തെല്ലാം?

<u>കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ പെരുമാറ്റദൂഷ്യം</u>

4193. ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യവകുപ്പിന് കീഴിലുള്ള കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എസ്. സുരേഷ് കുമാറിന്റെ പെരുമാറ്റ ദൂഷ്യത്തിനെതിരായി ഇതേ ഓഫീസിലെ വനിതാ ജീവനക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഒരു അസി. ഡയറക്ടർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അസി. ജില്ലാ വ്യവസായ ഓഫീസർ, ഒരു ജൂനിയർ സൂപ്രണ്ട് എന്നിവർ 09.10.2014-ൽ നൽകിയ

പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ അതേ തസ്തികയിൽ തൽസ്ഥാനത്ത് തുടർന്നു കൊണ്ട് പരാതിക്കാർക്ക് എതിരെ പ്രതികാര നടപടി തുടരുന്ന സാഹചര്യത്തിൽ ടിയാളെ ജനറൽ മാനേജർ സ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൊഴിൽ സ്ഥലങ്ങളിൽ വനിതകൾക്ക് സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള സാഹചര്യം നിഷേധിക്കപ്പെടുകയും പരാതിക്കാർ പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗത്തിൽപ്പെടുന്നവരായിട്ടും അടിയന്തരമായി തീരുമാനം ആകാതെ പോകുന്നതിനാൽ ഇരകളാകുന്ന പരാതിക്കാർ പക പോക്കലിനും കൂടുതൽ പീഡനത്തിനും ഇരയാകുകയും ചെയ്യും എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>തൊഴിൽ മേഖലയിൽ വിവര സാങ്കേതിക വിദ്യയുടെ ശരിയായ വിനിയോഗം</u>

4194. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യയുടെ ശരിയായ വിനിയോഗം സാധ്യമാക്കി മെച്ചപ്പെട്ട ഉത്പാദനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പരമ്പരാഗത തൊഴിൽ മേഖലയിൽ വിവര സാങ്കേതിക വിദ്യ പ്രയോഗിക്കുവാൻ ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു പറയാമോ;

(ബി) കേരളത്തിലെ തകരുന്ന കയർ വ്യവസായത്തെ രക്ഷിക്കുവാൻ ആധുനിക സാങ്കേതിക വിദ്യകളും വിവര സാങ്കേതിക സാധ്യതകളും വിനിയോഗിച്ച് തൊഴിൽ നഷ്ടം ഇല്ലാത്ത വിധം ഒരു പദ്ധതിക്ക് രൂപം നൽകുമോ?

<u>വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ലാഭ-നഷ്ട കണക്കുകൾ</u>

4195. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ 2011-12, 2012-13 വർഷങ്ങളിലെ ലാഭ-നഷ്ട കണക്കുകൾ വ്യക്തമാക്കുമോ;

(ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം കമ്പനികളിലാണ് ഇപ്പോൾ ഉൽപാദനം മുടങ്ങിയിരിക്കുന്നത്?

<u>മലബാർ സിമന്റ്സ് വിപുലീകരണ പദ്ധതി</u>

4196. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിൽ എന്തെല്ലാം വിപുലീകരണ പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) പ്രസ്തുത പദ്ധതിക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ പദ്ധതി നടപ്പാക്കുമ്പോൾ കമ്പനിക്ക് ഉണ്ടാകുന്ന മെച്ചം എന്താണ്?

<u>പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക</u>

4197. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് തുക ഏത് വർഷം വരെ നൽകി എന്നത് വിശദമാക്കാമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വൻതുക റിബേറ്റ് ഇനത്തിൽ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു കാരണം പ്രാഥമിക സഹകരണ സംഘങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക ഉടനെ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

<u>പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ</u>

4198. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളിൽ ഓരോന്നിനുമുള്ള മുതൽമുടക്ക് എത്രയാണെന്ന വിവരം പട്ടിക തിരിച്ച് വിശദമാക്കുമോ?

<u>പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ</u>

4199. ശ്രീ.എസ്.ശർമ്മ

,, സി.രവീന്ദ്രനാഥ്

,, എ. പ്രദീപ്കുമാർ

,, ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപിക്കുന്നതിലൂടെ ലക്ഷ്യമിട്ട തരത്തിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും കയറ്റുമതിക്ക് ഉണർവേകുന്നതിനും സാദ്ധ്യമാകുന്നില്ല എന്ന സി എ ജി റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ച മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യം നേടിയിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

(സി) പ്രത്യേക സാമ്പത്തിക മേഖല നികുതി വെട്ടിപ്പ് നടത്തുന്നതിന് ഉപയോഗപ്പെടുത്തുന്നതായും അനുവദിക്കപ്പെടുന്ന ഭൂമി റിയൽ എസ്റ്റേറ്റ് ലക്ഷ്യം വെക്കുന്നതായും ഉള്ള ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

(ഡി) സംസ്ഥാനത്ത് സെസ് അനുവദിച്ച മേഖലകളിലെ പ്രവർത്തനം ലക്ഷ്യമനുസരിച്ച് പ്രാവർത്തികമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പൊതുമേഖലാ സ്ഥാപന മേധാവികളുടെ നിയമനം

4200. ശ്രീ.വി.ചെന്താമരാക്ഷൻ

,, വി.ശിവൻകുട്ടി

,, എ.എം. ആരിഫ്

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമനം നടത്തുമ്പോൾ കഴിവുള്ളവരാണെന്നും കുറ്റാരോപിതരല്ലെന്നും ഉറപ്പ് വരുത്താറുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-ൽ വിജിലൻസിന്റെ വിമർശനത്തിന് വിധേയനായ ആളെ ഉന്നതസ്ഥാനത്ത് നിയോഗിച്ചെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉന്നത സ്ഥാനങ്ങളിൽ കുറ്റാരോപിതർ ഇപ്പോഴും തുടരുന്നതായി അറിയാമോ; നിയമനം നൽകുന്നതിന് മുമ്പ് വിജിലൻസ് റിപ്പോർട്ട് വാങ്ങാറുണ്ടോ; വിജിലൻസ് റിപ്പോർട്ട് തേടാതെ ഇത്തരം സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിക്കപ്പെട്ടവർ ആരൊക്കെ; വ്യക്തമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കുറ്റാരോപിതരെ നിയമിക്കുന്നത് സ്ഥാപനത്തിന്റെ

പുരോഗതിയെ ബാധിക്കുമെന്നതിൽ നിലപാട് വ്യക്തമാക്കുമോ?

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

4201. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലാഭകരമായി പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലും തകർച്ചയിലും പ്രവർത്തിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) 2012-13 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നഷ്ടത്തിലായവ ഏതെല്ലാമാണെന്നും അതിനുള്ള കാരണങ്ങളും വിശദീകരിക്കുമോ?

## ഡിഫെൻസ് പാർക്ക്

4202. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ ഡിഫെൻസ് പാർക്ക് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യമെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളെയാണ് പ്രസ്തുത പദ്ധതിയിൽ സഹകരണത്തിനായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രതിരോധ മേഖലയിൽ തന്ത്ര പ്രധാനമല്ലാത്ത ഉപകരണങ്ങളുടെ നിർമ്മാണം നടക്കുന്ന രാജ്യത്തെ പ്രധാന സ്ഥലമായി ഇതിനെ മാറ്റുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

## ബേപ്പൂർ മണ്ഡലത്തിലെ നല്ലളത്തെ ബാംബൂ ടൈൽ ഫാക്ടറിയിലെ തൊഴിലാളികൾക്ക് ശമ്പളം

4203. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ നല്ലളത്ത് പ്രവർത്തിക്കുന്ന ബാംബൂ ടൈൽ ഫാക്ടറിയിലെ തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നില്ല എന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ചമ്പന്നൂർ ഇൻഡസ്ട്രിയൽ റോഡിന്റെ പുനരുദ്ധാരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

4204. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വർഷങ്ങളായി ഗതാഗത യോഗ്യമല്ലാതായി കിടക്കുന്ന ചമ്പന്നൂർ ഇൻഡസ്ട്രിയൽ റോഡിന്റെ പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്</u>

4205. ശ്രീ.കെ.ശിവദാസൻ നായർ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലും വ്യവസായ വകുപ്പിലും ഇതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ഡി) പൊതു മേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നറിയാൻ സർക്കാർ തലത്തിൽ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>മംഗലാപുരം-കോയമ്പത്തൂർ പൈപ്പ് ലൈൻ നിർമ്മാണം</u>

T *4206. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എൻ.ജി. ടെർമിനലിൽ നിന്നും മംഗലാപുരം-കോയമ്പത്തൂർ എന്നീ കേന്ദ്രങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തി ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(സി) പൈപ്പ് ലൈൻ സ്ഥാപിക്കാൻ വൈകുന്നതുമൂലം, ഗെയ്ൽ എന്ന പൊതുമേഖലാ സ്ഥാപനം കേരളം വിടുമെന്ന് പറഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## സിഡ്കോയിലെ ജീവനക്കാരുടെ നിയമനം

4207. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ ജീവനക്കാരുടെ നിയമനം പി.എസ്.സി. വഴിയാക്കിയത് എന്നു മുതലാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പി.എസ്.സി. വഴിയല്ലാതെ ഏതെങ്കിലും തസ്തികകളിൽ സിഡ്കോ നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചു ; ഇവരോരുത്തർക്കും പ്രതിമാസം നൽകിയ ശമ്പളവും മറ്റ് അലവൻസുകളും എത്ര എന്ന് ഇനം തിരിച്ച വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര തസ്തികകൾ സർക്കാർ അംഗീകരിച്ചവയുണ്ട് ; അനുമതിയില്ലാത്ത എത്ര തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത് ; ആരാണ് നിയമനം നൽകിയത് ;

(ഡി) സർക്കാർ അംഗീകാരമില്ലാതെയും പി.എസ്.സി. വഴിയല്ലാതെയും നിയമനം നടന്നത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചത് ;

(ഇ) പി.എസ്.സി. സ്കിൽഡ് വർക്കർമാരെ നിയമിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

## റാന്നിയിലെ റബ്ബർ പാർക്കിന്റെ പ്രവർത്തനം

4208. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച റാന്നിയിലെ റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) റബ്ബറിന്റെ വൈവിദ്ധ്യ വൽക്കരണത്തിനായി വിവിധ ഫാക്ടറികളുടെ പ്രവർത്തനം വിഭാവനം ചെയ്ത പ്രസ്തുത പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പകരം എന്ത് സംവിധാനം കൊണ്ടുവരാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) റബ്ബർ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടും വിധം റബ്ബർ പാർക്കിന്റെ പ്രവർത്തനം അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## കൊണ്ടോട്ടി താലൂക്ക് വ്യവസായകേന്ദ്രം ഓഫീസ്

4209. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് കേന്ദ്രങ്ങളിൽ വ്യവസായ കേന്ദ്രത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) കൊണ്ടോട്ടി താലൂക്ക് കേന്ദ്രമായി വ്യവസായകേന്ദ്രം ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി

4210. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ വ്യവസായ വകുപ്പിന്റെ കൈവശം എത്ര ഏക്കർ സ്ഥലമാണ് ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ എത്ര ഏക്കർ സ്ഥലം കെ.എസ്.റ്റി.സി.ക്ക് സ്പിന്നിംഗ് മിൽ സ്ഥാപിക്കാൻ നൽകിയിട്ടുണ്ട്;

(സി) ബാക്കിവരുന്ന സ്ഥലം ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ബാക്കി സ്ഥലം ലഭിച്ചവർ സ്ഥലം പ്രയോജനപ്പെടുത്തി എന്തെങ്കിലും വ്യവസായ സ്ഥാപനങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി

4211. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മണ്ഡകൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഹാൻടെക്സ് മാനേജിംഗ് ഡയറക്ടർ പ്രകാശിന്റെ അഴിമതി സംബന്ധിച്ച പരാതി</u>

4212. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സ് മാനേജിംഗ് ഡയറക്ടർ പ്രകാശിന്റെ അഴിമതി സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ആരൊക്കെയാണ് ഹാൻടെക്സ് മാനേജിംഗ് ഡയറക്ടർ പ്രകാശി നെതിരെ പരാതി നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതികളിന്മേൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ താലൂക്ക്തല പ്രവർത്തനം</u>

4213. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് പുതിയതായി വർക്കല താലൂക്ക് നിലവിൽ വന്നതോടെ വ്യവസായ വകുപ്പിന്റെ താലൂക്ക്തല പ്രവർത്തനം എങ്ങനെയാണ് ഇപ്പോൾ ക്രമീകരിച്ചിരിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങൽ പ്രദേശം രണ്ടു താലൂക്കുകളായി മാറിയപ്പോൾ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളും പദ്ധതികളും ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലുൾപ്പെട്ട പ്രദേശങ്ങളിൽ ഈ സാമ്പത്തിക വർഷം സംഘടിപ്പിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ ചിറയിൻകീഴ് താലൂക്കിൽ എവിടെയാണ് പദ്ധതി നടന്നത്; എന്തെല്ലാം പദ്ധതികളാണ് നടന്നത്; വിശദമാക്കാമോ?

<u>ടെൽക്കിന്റെ ലാഭം</u>

4214. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെൽക്കിന്റെ ലാഭം കുറയുകയാണെന്ന പഠന റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നഷ്ടത്തിന് കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) 2006-2011, 2011-2014 എന്നീ കാലയളവിൽ ടെൽക്കിന്റെ ലാഭം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) മൂന്നരവർഷം കഴിഞ്ഞ ദീർഘകാല കരാറിന് അംഗീകാരം നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ഇതിന് എന്നത്തേയ്ക്ക് അംഗീകാരം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ധാതുമണൽ കള്ളക്കടത്ത്

4215. ശ്രീ.ജി.സുധാകരൻ

,, കെ.സുരേഷ് കുറുപ്പ്

,, പി.കെ.ഗുരുദാസൻ

,, ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുമണൽ അന്യസംസ്ഥാനക്കാരടക്കം വൻതോതിൽ കള്ളക്കടത്ത് നടത്തുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തു നിന്നും അനധികൃതമായി കരിമണൽ കടത്തുന്നത് മൂലം സംസ്ഥാനത്തിന് ഏതെല്ലാം തരത്തിൽ നഷ്ടം സംഭവിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കരിമണൽ കടത്തുകാരുമായി ബന്ധപ്പെട്ട അധികൃതർ ഒത്തുകളി നടത്തുന്നത് കൊണ്ടാണ് അനധികൃതമായി കോടികളുടെ കള്ളക്കടത്ത് നടത്തുന്നത് തടയാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കരിമണൽ അനധികൃതമായി കടത്തിയവർക്കെതിരെ എടുത്ത നടപടികൾ വിശദമാക്കാമോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര പേർ ശിക്ഷിക്കപ്പെട്ടു?

<u>കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ലാറ്ററേറ്റ് ഖനനം</u>

4216. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ലാറ്ററേറ്റ് ഖനനത്തിന് ഏതൊക്കെ അപേക്ഷകർക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഓരോന്നിന്റെയും സ്ഥല വിസ്തൃതി എത്രയാണെന്നും അറിയിക്കാമോ;

(ബി) ഖനനാനുമതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കിനാനൂർ വില്ലേജിൽ ആശാപുരമൈൻഖേം ലിമിറ്റഡിന് നൽകിയ ഖനനാനുമതി പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പൊതുജനങ്ങളിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിച്ച കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ സർക്കാർ നിലപാടിനെതിരെ നടത്തുന്ന തെളിവെടുപ്പ് നിർത്തിവെക്കാൻ നടപടി സ്വീകരിക്കുമോ?

<u>കേരളത്തിലെ ധാതുവിഭവങ്ങൾ</u>

4217. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എന്തെല്ലാം ധാതുവിഭവങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണ് ഇവ ഉള്ളതെന്നും എത്ര അളവിലാണ് ഓരോന്നും കാണപ്പെടുന്നതെന്നും വിശദമാക്കുമോ;

(ബി) കേരളത്തിൽ നിന്നും ഖനനം ചെയ്യപ്പെടുന്ന ധാതുവിഭവങ്ങൾ ഏതെല്ലാം ; പ്രതിവർഷം എത്ര അളവിലാണ് ഇവ ഓരോന്നും ഖനനം ചെയ്യുന്നത് ; ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് ഖനനം ചെയ്യുന്നത് ; പ്രതിവർഷം ധാതുവിഭവങ്ങളുടെ ഖനനത്തിലൂടെ എത്ര തുകയാണ് ലഭിക്കുന്നത്; പ്രസ്തുത വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഖനനങ്ങളിൽ പൊതുമേഖലയിൽ നടത്തുന്നവ ഏതെല്ലാമാണെന്നും സ്വകാര്യമേഖലയിൽ നടത്തുന്നവ ഏതൊക്കെയാണെന്നും വിശദീകരിക്കുമോ ?

<u>സംസ്ഥാനത്തെ ധാതുമണൽ ഖനനം പൊതുമേഖലയിൽ</u>

4218. ശ്രീ.എം.എ.ബേബി

,, പി.കെ.ഗുരുദാസൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അമൂല്യമായ ധാതുമണൽ സംസ്ഥാന താല്പര്യത്തിനനുസരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കരിമണൽ ഖനനം നടത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തുന്നതിന് സർവ്വകക്ഷി ആലോചനായോഗം വിളിച്ച് ചേർക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത തരത്തിൽ സംസ്ഥാനത്ത് സമ്പുഷ്ടമായ ധാതുമണൽ പൊതുമേഖലയിൽ ഖനനം നടത്തി ഉപയോഗപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ലായെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) കരിമണൽ ഖനനാനുമതി സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നല്കിയിട്ടുണ്ടോ; ഹൈക്കോടതി വിധി പ്രസ്താവിച്ചതെന്നാണ് ; വിശദമാക്കാമോ?

<u>കൈത്തറി പുനരുദ്ധാരണ പദ്ധതി</u>

4219. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ കൈത്തറി പുനരുദ്ധാരണ പദ്ധതി (RRR) വഴി കേരളത്തിൽ എത്ര സംഘങ്ങൾക്ക് സഹായം നൽകി; ജില്ല തിരിച്ച് സംഘങ്ങളുടെ പേരും, അനുവദിച്ച തുകയും, ഏതെല്ലാം ഇനത്തിലാണ് സഹായം നൽകിയത് എന്നുള്ളതും വിശദമാക്കാമോ;

(ബി) കേരളത്തിൽ നിന്ന് എത്ര തുകയുടെ സഹായ പദ്ധതിക്കാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) 2010 ന് ശേഷവും കുടിശ്ശികയ്ക്ക് പലിശ നൽകണമെന്ന് ജില്ലാ സഹകരണ ബാങ്കുകൾ കൈത്തറി സംഘങ്ങളോട് ആവശ്യപ്പെട്ടിട്ടുള്ളതും, അതിനായി പുതിയ പ്രത്യേക ബോണ്ട് വെയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ?

## വാഴാതി - വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

4220. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന വാഴാതി - വിരിപ്പാക്ക സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ മിൽ ഇപ്പോൾ എത്ര കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് ; മില്ലിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ബാദ്ധ്യതയുള്ളത് ; അത് എത്ര തുക വരും; വിശദാംശം ലഭ്യമാക്കുമോ?

## കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണം

4221. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമായുള്ള നൂൽ ഉല്പാദനം നടക്കുന്നുവോ; ഇല്ലായെങ്കിൽ പ്രസ്തുത നൂൽ ഏത് വർഷം വരെയാണ് ഉല്പാദിപ്പിച്ചിരുന്നതെന്ന് അറിയിക്കുമോ; ഈ ഉല്പാദനം നിർത്തൽ ചെയ്യുവാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ ഈ മില്ലിൽ പ്രധാനമായും ഉല്പാദനം നടത്തുന്നത് പോളിസ്റ്റർ കോട്ടൻ നൂലുകളാണോ; എങ്കിൽ ആയതിന്റെ ഉല്പാദനം ലാഭകരമായിട്ടാണോ മുന്നോട്ട് പോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ചൈനീസ് വസ്തുക്കളുടെയും, നൂലിന്റെയും അധിക്യം വിപണിയിൽ വളരെ കൂടുതലായതിനാൽ മില്ലിൽ ഉല്പാദിപ്പിക്കുന്ന നൂലിന് വിപണി കണ്ടെത്തി ലാഭകരമാക്കുവാൻ ബുദ്ധിമുട്ടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം അറിയിക്കുമോ;

(ഡി) നിലവിൽ മില്ലിന്റെ പ്രവർത്തനം വളരെ നഷ്ടത്തിലാണെന്നും യന്ത്രങ്ങളുടെ ആധുനിക നവീകരണം അത്യാവശ്യമാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലേക്ക് സർക്കാരിന്റെ സാമ്പത്തിക വിഹിതം ആവശ്യമായുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

## കൈത്തറി മേഖലയുടെ പുനരുദ്ധാരണം

4222. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക കൈത്തറിസംഘങ്ങളുടെ ശാക്തീകരണത്തിനായി നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്നും, ഏതെല്ലാം ജില്ലകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

## കൈത്തറി പുനരുദ്ധാരണ പദ്ധതി

4223. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം കൈത്തറി സഹകരണ സംഘങ്ങളുടെ കടം എഴുതിതള്ളുന്നതിന് എത്ര രൂപ നല്കിയെന്നും എന്നാണ് പണം നൽകിയതെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത തുക പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തുവോ ;വിശദാംശങ്ങൾ നൽകാമോ ;

(സി) വിതരണം ചെയ്തിട്ടില്ലായെങ്കിൽ എന്തുകൊണ്ടാണ് വിതരണം ചെയ്യാത്തതെന്നും എന്ന് വിതരണം ചെയ്യാമെന്നും വിശദമാക്കാമോ ?

## കേരളത്തിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ

4224. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ പേരും, വിലാസവും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കൈത്തറി സംഘങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾ, അവരുടെ മേൽവിലാസം, ഭരണ സമിതിയുടെ തെരഞ്ഞെടുപ്പ് നടന്ന തീയതി, കാലാവധി അവസാനിക്കുന്ന തീയതി എന്നിവ സംഘം തിരിച്ച് വ്യക്തമാക്കാമോ;

(സി) കൈത്തറി സംഘങ്ങളിലെ ജീവനക്കാർ, തസ്തിക, വിലാസം എന്നിവ സംഘം തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) കൈത്തറി സംഘങ്ങളിൽ ഹാന്റക്സിൽ അംഗത്വമുള്ള സംഘങ്ങളുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കൈത്തറി സംഘത്തിൽ നിലവിലുള്ള അംഗങ്ങളുടെ എണ്ണം സംഘം തിരിച്ച് വ്യക്തമാക്കാമോ?

തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണക്കോടി

4225. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓണക്കാലത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഓണക്കോടി ആയി ഹാൻടെക്സ് എത്ര സാരികൾ വിതരണം ചെയ്തുവെന്നും അവ എവിടെ നിന്നാണ് സംഭരിച്ചതെന്നും ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്നും സ്റ്റോർ പർച്ചേസ് നിയമാവലി പ്രകാരമാണോ പ്രസ്തുത സംഭരണം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ടെക്നോപാർക്കിൽ വാടകക്കുടിശ്ശിക

4226. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ ഇപ്പോൾ ആകെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിനും എത്ര സ്ക്വയർഫീറ്റ് സ്ഥലം വീതമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നതിന് സ്ഥലം വാടകയ്ക്കാണോ പാട്ടത്തിനാണോ മറ്റെന്തെങ്കിലും വ്യവസ്ഥകളിലാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ടെക്നോപാർക്കിൽ സ്ഥലം വാടകയ്ക്കും പാട്ടത്തിനും എടുക്കുകയും പാട്ടക്കുടിശ്ശികയിനത്തിലും വാടകക്കുടിശ്ശികയിനത്തിലും പണം നൽകാനുമുള്ള സ്ഥാപനങ്ങളുടെ പട്ടികയും ഓരോ സ്ഥാപനങ്ങളും എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പണം ഈടാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഇ-സംഭരണ സംവിധാനം

4227. ശ്രീ.ബെന്നി ബെഹനാൻ

,, പി.എ.മാധവൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സംഭരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം ഗുണഫലങ്ങളാണ് പ്രസ്തുത സംവിധാനം വഴി വിവിധ വകുപ്പുകൾക്ക് ലഭ്യമാകുകയെന്ന് വ്യക്തമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ

4228. ശ്രീ.സണ്ണി ജോസഫ്

,, എം.എ. വാഹീദ്

,, ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. വകുപ്പ് മുഖേന എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി രൂപം നൽകിയ പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ആരെല്ലാമാണ് സഹകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പോർട്ടലിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## കൊച്ചി സ്മാർട്ട് സിറ്റി

4229. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും പ്രസ്തുത നിർമ്മാണങ്ങൾ എന്തൊക്കെ ആവശ്യത്തിന് വേണ്ടിയെന്നും വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് സിറ്റി കൊച്ചിയുടെ പാട്ടക്കരാർ ഒപ്പിട്ടത് ഏത് വർഷത്തിലെന്നും, പദ്ധതിക്ക് പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ള അനുമതി ലഭിച്ചത് ഏത് വർഷത്തിലെന്നും വ്യക്തമാക്കാമോ;

(സി) സ്മാർട്ട് സിറ്റി കൊച്ചി സംരംഭത്തിൽ സർക്കാർ പങ്കാളിത്തം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

<u>കിൻഫ്രക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ</u>

4230. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിൻഫ്രക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ കാരണം എന്താണ്;

(ബി) കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലെ തടസ്സങ്ങൾ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കിൻഫ്രയ്ക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>പാണപ്പുഴയിലെ കിൻഫ്ര പാർക്ക്</u>

4231. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിലെ പാണപ്പുഴ വില്ലേജിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമം ഏതുവരെയായി;

(ബി) സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി മന്ദഗതിയിലായതിന്റെ കാരണമെന്താണ്;

(സി) ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>പൊതുസ്ഥലങ്ങളിൽ വൈഫൈ സംവിധാനം</u>

4232. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളും റയിൽവേ സ്റ്റേഷനുകളും ബസ് സ്റ്റാന്റുകളും ഉൾപ്പെട്ടുയുള്ള പൊതുസ്ഥലങ്ങളിൽ വൈഫൈ സംവിധാനം ലഭ്യമാണോ;

(ബി) ഇത്തരം സംവിധാനം ഒരുക്കുന്നത് വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്ക് ഉപകാരപ്രദമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും പൊതുസ്ഥലങ്ങളിലും വിനോദസഞ്ചാരകേന്ദ്രങ്ങളിലും സൗജന്യ വൈഫൈ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ അക്ഷയകേന്ദ്രങ്ങൾ</u>

4233. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളതു സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ടോ;

<u>ടെക്നോപാർക്കിലെ കെട്ടിടവാടക</u>

4234. ശ്രീ.കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് അധീനതയിലുള്ള കഴക്കൂട്ടം ടെക്നോപാർക്കിൽ വിവിധ കമ്പനികൾക്കും റെസ്റ്റോറന്റുകൾക്കും ഈടാക്കുന്ന മാസവാടക സ്ക്വയർ ഫീറ്റിന് എത്രയെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ പ്രവർത്തനമില്ലാത്ത റെസ്റ്റോറന്റുകൾക്ക് വാടക കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടെക്നോപാർക്കിൽ കെട്ടിടവാടക കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ?

<u>മിഷൻ **676** ൽ ഉൾപ്പെടുത്തി ഐ.ടി മേഖലയിൽ പദ്ധതികൾ</u>

4235. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി ഐ.ടി മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## വഖഫ് ട്രൈബ്യൂണലൽ

4236. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വഖഫ് ട്രൈബ്യൂണലുകളുടെ ഘടന പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടും അംഗങ്ങളെ നിയമിച്ചിട്ടും ട്രൈബ്യൂണലുകളുടെ പ്രവർത്തനം പുതിയ രീതിയിൽ ഇപ്പോഴും ആരംഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വഖഫ് കേസുകൾ കുറവായതിനാൽ മറ്റു കേസുകൾക്കു കൂടി വഖഫ് ട്രൈബ്യൂണലിൽ അവസരം നൽകി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വികരിക്കുമോ ;

(സി) പുതിയ ഘടനയിൽ ട്രൈബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിലെ തസ്തികകൾ

4237. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിൽ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ തസ്തികകളുടെ ശമ്പള സ്കെയിലുകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനരീതി വ്യക്തമാക്കാമോ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; അവരുടെ മാതൃവകുപ്പുകൾ, അടിസ്ഥാന ശമ്പളം എന്നിവ വിശദമാക്കാമോ;

(ഡി) ഡെപ്യൂട്ടേഷൻ ജോലി ചെയ്യുന്നവരുടെ അന്യത്ര സേവനം ഏത് കാലയളവ് വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്; യഥാസമയം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാതെ ജീവനക്കാർ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഹജ്ജ് കോർഡിനേറ്റർ എന്ന തസ്തികയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന് ധനവകുപ്പിന്റെ അനുമതിയുണ്ടോ; പ്രസ്തുത തസ്തിക മൂലം ഹജ്ജ് കമ്മിറ്റിക്കുണ്ടായ അധിക

സാമ്പത്തിക ബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

പട്ടിക വർഗ്ഗവികസന വകുപ്പിന്റെ വിപുലീകരണം

4238. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പി & എ. ആർ. ഡി വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ വർക്ക് സ്റ്റഡിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ആയതിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കി എന്നു വ്യക്തമാക്കുമോ ;

(ബി) അടിമാലി റ്റി.ഡി.ഒ. യുടെ ഓഫീസ് ഉൾപ്പെടെ വകുപ്പുതല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകിയ ക്രിയാത്മക നിർദ്ദേശങ്ങളിൽ ഏതെങ്കിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിരന്തരമായി ശിശുമരണം സംഭവിക്കുന്ന അട്ടപ്പാടിയിൽ പട്ടികവർഗ്ഗവികസന വകുപ്പിന്റെ മാത്രമായി ഒരു ഓഫീസ് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവിടെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു എ.റ്റി.ഡി.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ ക്രിയാത്മക നടപടി സമയബന്ധിതമായി സ്വീകരിക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ പത്ത് വർഷക്കാലത്തെ വകുപ്പിനു ലഭിച്ച ഫണ്ടിന്റെ തോത് കണക്കാക്കി വകുപ്പിലെ ജോലി ഭാരം വിലയിരുത്തി വകുപ്പിന്റെ വിപുലീകരണം നടത്തുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വർക്ക് സ്റ്റഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുമോ ;

(ഇ) പത്ത് വർഷം മുൻപുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണോ വകുപ്പിലിപ്പോഴും നിലനിൽക്കുന്നത് ; ഇക്കാര്യത്തിൽ വർദ്ധിച്ചുവരുന്ന ഫണ്ട് വിനിയോഗിക്കുവാൻ ഡയറക്ടറേറ്റിലെ അടക്കം നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പര്യാപ്തമാണോ ; എങ്കിൽ വിശദീകരണം നൽകുമോ ; പര്യാപ്തമല്ലെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(എഫ്) മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് വകുപ്പിന്റെ വിപുലീകരണം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; പരിഗണനയിൽ ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു അറിയിക്കുമോ ?

## ആദിവാസികൾ നേരിടുന്ന നിരന്തര ചൂഷണം

4239. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർശന നിയമങ്ങൾ നിലവിലുണ്ടായിട്ടും പെൺകുട്ടികൾ ഉൾപ്പെടെയുള്ള ആദിവാസികൾ നിരന്തരം പീഡനങ്ങൾക്കും, ചൂഷണങ്ങൾക്കും ഇരയാകുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) നിയമപരിരക്ഷയേയും അവകാശങ്ങളേയും കുറിച്ച് ആദിവാസി വിഭാഗങ്ങളെ ബോധവൽക്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

## ആദിവാസി വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ

4240. ശ്രീ.പി.സി. ജോർജ്

,, റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(ബി) പട്ടയമോ കൈവശരേഖയോ ഇല്ലാത്ത ആദിവാസി കുടുംബങ്ങളുടെ വിവരങ്ങൾ ലഭ്യമാണോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും പട്ടയം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമം

4241. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിന് കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് അട്ടപ്പാടിയിലെ ആരോഗ്യമേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം രൂപീകരിച്ചു; ഓരോ യൂണിറ്റിന്റെയും ഉത്തരവാദിത്തവും ചുമതലയും വിശദമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ യൂണിറ്റുകൾ നടത്തിയതെന്ന് വിശദമാക്കുമോ;

(ഡി) ഈ യൂണിറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ടോ; എത്ര യോഗങ്ങൾ നടത്തി; അവസാനം നടത്തിയ യോഗം എന്നായിരുന്നു; എന്തായിരുന്നു ആ യോഗത്തിന്റെ വിലയിരുത്തൽ; വ്യക്തമാക്കുമോ;

(ഇ) എത്ര രൂപ പ്രസ്തുത മെഡിക്കൽ യൂണിറ്റുകൾക്കായി ഇതുവരെ ചിലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

<u>കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ</u>

4242. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികളുടെ പഞ്ചായത്തു തല വിശദാംശം ലഭ്യമാക്കുമോ?

<u>പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം</u>

4243. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) റാന്നി നിയമസഭാ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത് ഏതൊക്കെ കോളനികളിലാണ്; എന്തു തുകയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത് ; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്; എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ജനനി - ജന്മരക്ഷാപദ്ധതി

4244. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവകുപ്പുമുഖേന നടപ്പിലാക്കുന്ന ജനനി-ജന്മരക്ഷാപദ്ധതി പ്രകാരം ആനുകൂല്യത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, എത്രപേർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗവകുപ്പുമുഖേന നടപ്പിലാക്കുന്ന ജനനി-ജന്മരക്ഷാപദ്ധതി പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചവർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ;

(സി) ഈയിനത്തിൽ എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ;

(ഡി) കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഹിൽ ഏരിയാ ഡെവലപ്പമെന്റ് ഏജൻസി അട്ടപ്പാടിയിൽ നടപ്പാക്കിയ പദ്ധതികൾ

4245. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയാ ഡെവലപ്പമെന്റ് ഏജൻസി അട്ടപ്പാടിയിൽ കഴിഞ്ഞ 10 വർഷക്കാലം നടപ്പാക്കിയ പദ്ധതികളുടെ എണ്ണവും ചെലവാക്കിയ തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും അട്ടപ്പാടിയിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം അനുവദിച്ചു; ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കി; ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം?

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

4246. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, ബെന്നി ബെഹനാൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന സിലബസ്സ് ഏതാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം സ്കൂളുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ക്ലാസ്സുകളാണ് പ്രസ്തുത സ്കൂളുകളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

## ആദിവാസി ഊരുകളിൽ വർദ്ധിച്ചുവരുന്ന ശിശുമരണങ്ങൾക്കെതിരെ നടപടി

4247. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആദിവാസി ശിശുമരണങ്ങളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ സംഭവിക്കുന്ന ശിശുമരണങ്ങളുടെ കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) അടുത്ത കാലത്ത് ആദിവാസി ഊരുകളിൽ ശിശുമരണങ്ങൾ വർദ്ധിക്കുന്ന (കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ) സാഹചര്യത്തിൽ ,ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

4248. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിനായി എത്ര രൂപയാണ് നീക്കി വച്ചത് എന്നറിയിക്കുമോ; അതിൽ എത്ര തുക ചെലവഴിച്ചു;

(ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല എന്ന പരാതി വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ?

<u>മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ</u>

4249. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി മലപ്പുറം ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; നിയോജക മണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാംപുതിയ പദ്ധതികളാണ് ഉള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>മടിക്കൈ പഞ്ചായത്തിലെ ഹോർത്തൂ മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി</u>

4250. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ മടിക്കൈ പഞ്ചായത്തിൽ ഹോർത്തൂമലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന എഞ്ചിനീയറിംഗ് കോളേജ് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടോ;

(സി) ഉണ്ടെങ്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്തൊക്കെ വിദ്യാഭ്യാസാനുകൂല്യത്തിനാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം</u>

4251. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദവിവരം വെളിപ്പെടുത്താമോ ;

(ബി) ഭൂരഹിതരായ പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസത്തിനു വേണ്ടി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച സംഖ്യ എത്രയാണെന്നും ഓരോ ജില്ലയ്ക്കും ലഭിക്കാവുന്ന സംഖ്യ എത്രയാണെന്നും വിശദീകരിക്കാമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സർവ്വെ നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(ഇ) നടപ്പ് സാമ്പത്തിക വർഷം ഭൂരഹിതരായ എത്ര പട്ടിക വർഗ്ഗക്കാരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായതെന്ന് പറയാമോ ;

(എഫ്) നിലവിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ; പ്രസ്തുത പട്ടിക തയ്യാറാക്കപ്പെട്ടത് ഏതു മാനദണ്ഡ പ്രകാരമാണെന്ന് വിശദമാക്കാമോ?

## ചാലക്കുടി ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റി

4252. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നതിനുമായി അടിയന്തിര സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടിയിൽ വനവിഭവങ്ങളുടെ വില്പനശാല ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ചാലക്കുടി നായരങ്ങാടിയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഗ്രൗണ്ട് , സ്റ്റേഡിയം നിർമ്മാണം

4253. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നായരങ്ങാടിയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനും സ്റ്റേഡിയം നിർമ്മിക്കുന്നതിനുമുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി.</u>

4254. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009 ജൂലൈ 21- ാം തീയതി (സിവിൽ അപ്പീൽ 104, 105 of 2001)പുറപ്പെടുവിച്ച വിധിപ്രകാരം ഭൂരഹിതരായ ആദിവാസികൾക്ക് എത്ര ഭൂമി ആവശ്യം ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ആദിവാസികൾക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട്; നല്കാനായി സർക്കാരിന്റെ കൈവശം എത്ര ഭൂമി ഉണ്ട്; എത്ര അപേക്ഷകൾ ഇതുവരെകിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആദിവാസികളായ അപേക്ഷകരുടെ എണ്ണവും അവർക്ക് നൽകാനാവശ്യമായ ഭൂമിയുടെ വിസ്തീർണ്ണവും (സർക്കാർ കണ്ടെത്തിയതും ആവശ്യമായതുമായ) ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>സ്കൂൾ കലോൽത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം</u>

4255. ശ്രീ.ഹൈബി ഈഡൻ
,, വി.റ്റി.ബൽറാം
,, ഷാഫി പറമ്പിൽ
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോൽത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്? വിശദാംശങ്ങൾ നൽകാമോ?

## അട്ടപ്പാടി പാക്കേജ്

4256. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 200 കോടി രൂപയുടെ അട്ടപ്പാടി പാക്കേജ് ഏതെല്ലാം മേഖലകളിലാണ് നടപ്പാക്കുന്നത്;

(ബി) അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതികൾക്കും നീക്കിവെച്ച തുക എത്രയെന്നും ഉണ്ടായ ചെലവ് എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഭൗതിക നേട്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

## അട്ടപ്പാടി മേഖലയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് പാലക്കാട് എം.പി. നടത്തിയ നിരാഹാര സമരം

4257. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് പാലക്കാട് എം.പി. നടത്തിയ നിരാഹാര സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരാഹാരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ഇതിന്മേൽ എന്തെല്ലാം നടപടികൾ ആരംഭിച്ചു; നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയതിനുശേഷം അട്ടപ്പാടി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി യോഗം

വിളിച്ച് ചേർത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് യോഗം ചേർന്നത് എന്നും ഏതെല്ലാം ഉദ്യോഗസ്ഥർ പങ്കെടുത്തുവെന്നും അറിയിക്കുമോ; യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) സർക്കാർ തീരുമാനപ്രകാരം അട്ടപ്പാടി ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ഉത്തരവുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് എപ്പോഴാണ് നൽകിയത്;

<u>ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം</u>

4258. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന എന്തെല്ലാം പദ്ധതികളാണ് ഉള്ളത് ; പരമാവധി എത്ര ധനസഹായമാണ് ഓരോ പദ്ധതി മുഖേനയും നൽകുന്നത്;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കി വെയ്ക്കുകയുണ്ടായി;

(സി) ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത് ;

(ഡി) നടപ്പ സാമ്പത്തിക വർഷം ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയുണ്ടായി;

(ഇ) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

<u>സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങളുടെ ജീവിതാവസ്ഥ</u>

4259. **ശ്രീ.ഇ.ചന്ദ്രശേഖരൻ**
**,, വി.ശശി**
**ശ്രീമതി.ഗീതാ ഗോപി**
**ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി വിഭാഗങ്ങളുണ്ട് ; ഈ വിഭാഗങ്ങളിലെല്ലാം കൂടി എത്ര കുടുംബങ്ങളുണ്ട് ; ഇതിൽ സ്വന്തമായി വീടോ, ഭൂമിയോ ഇല്ലാത്ത

കുടുംബങ്ങളുണ്ടോ ; എങ്കിൽ എത്ര വീതം ;

(ബി) അഞ്ചു സെന്റിന് താഴെ ഭൂമിയുള്ള എത്ര കുടുംബങ്ങളുണ്ട്; ഇതിൽ ഭൂമിക്ക് പട്ടയം ലഭിച്ചവർ എത്ര ;

(സി) ഇവരിൽ സ്വന്തമായി കക്കൂസും അടുക്കളയും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത എത്ര പേരുണ്ട് ; ആദിവാസി ക്ഷേമത്തിന്റെ പേരിലുള്ള തട്ടിപ്പുകൾ തടയുന്നതിന് ഏതു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ ?

<u>അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസ പദ്ധതി</u>

4260. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, വി.ഡി.സതീശൻ

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലന പദ്ധതി</u>

4261. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി</u>

4262. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, പി.എ.മാധവൻ

,, റ്റി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പട്ടികവർഗ്ഗത്തിൽപെട്ട സ്ത്രീകളുടെ ശാക്തീകരണത്തിന് പദ്ധതി എത്ര മാത്രം ഗുണകരമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി ചികിത്സ കിട്ടാതെ മരിച്ച സംഭവം</u>

4263. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള വയനാട് ജില്ലയിലെ തവിഞ്ഞാൽ പഞ്ചായത്തിലെ തലപ്പുഴ പ്രീമെട്രിക് ഹോസ്റ്റലിൽ താമസിച്ച് തലപ്പുഴ ഹയർ സെക്കന്ററി സ്കൂളിൽ പഠിച്ചിരുന്ന 10-ാം ക്ലാസ് വിദ്യാർത്ഥി സുഭാഷ് ചികിത്സ കിട്ടാതെ 3-12-2014 ന് മരിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിൽ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ചികിത്സ കിട്ടാതെ മരിച്ചു എന്ന് മണ്ഡലം തിരിച്ചും, മറ്റ് ജില്ലകളിൽ എത്ര പേർ മരിച്ചുവെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങൾക്ക് മികച്ച ചികിത്സ ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ്പ്

4264. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ്പ് നൽകുന്ന പദ്ധതി പ്രകാരം 2013-14, 2014-15 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്തത്; ഈയിനത്തിൽ എത്ര തുകയാണ് ചെലവിട്ടത്?

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലുകളുടെ പശ്ചാത്തല സൗകര്യ വികസനം

4265. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൻകീഴിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) കണ്ണൂർ ജില്ലയിലെ കോളയാട് പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിഭാഗം പെൺകുട്ടികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ എൺപതോളം കുട്ടികൾക്ക് ആവശ്യമായ വിധത്തിൽ ശുചി മുറികൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത ഹോസ്ററലിൽ ശുചിമുറികളും കുളിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ, പ്രസ്തുത ഹോസ്റ്റലിൽ ശുചിമുറികളും കുളിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാനും ഈ സാമ്പത്തികവർഷം തന്നെ ഭരണാനുമതി നൽകുവാനും നടപടി സ്വീകരിക്കുമോ;

## അട്ടപ്പാടിയിലെ ആദിവാസി ശിശു മരണങ്ങൾ

4266. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്കിടിയിൽ നിലനിൽക്കുന്ന പോഷകാഹാരക്കുറവ്, തൊഴിലില്ലായ്മ, പലതരം രോഗാവസ്ഥ എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് പ്രത്യേക പാക്കേജുകൾ ഗവ: പ്രഖ്യാപിച്ചിട്ടും, അതൊന്നും ലക്ഷ്യത്തിലെത്താത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തലുകൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ നിന്നും എന്താണ് വ്യക്തമായത്; വിശദമാക്കാമോ;

(ബി) ആദിവാസിക്ഷേമപദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും ചെയ്തു തീർക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

## അട്ടപ്പാടിയിലെ ശിശുമരണ നിർമാർജ്ജന പരിപാടി

4267. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണം ഇല്ലാതാക്കാനുള്ള പാക്കേജ് എന്നാണ് പ്രഖ്യാപിച്ചത്; പാക്കേജിൽ എത്ര കോടി തുകയാണ് സർക്കാർ പ്രഖ്യാപിച്ചത്; ഇതിന്റെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയത്; ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) പാക്കേജ് പ്രഖ്യാപിച്ചതിനുശേഷം ഇതുവരെ ഏതെല്ലാം വിഭാഗങ്ങളിലായി എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പാക്കേജ് എപ്പോഴായിരുന്നു; ഇതിൽ എത്ര കോടി രൂപയാണ് പ്രഖ്യാപിച്ചത്; എതെല്ലാം വിഭാഗങ്ങളിലാണ് കേന്ദ്ര പാക്കേജ് നടപ്പിലാക്കിയത്; ഇതുവരെ ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്ന് എത്ര കോടി രൂപ കിട്ടിയിട്ടുണ്ട്;

(ഡി) കേന്ദ്ര പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണതലത്തിൽ പരിശോധനാ സംവിധാനം നിലവിലുണ്ടോ; എങ്കിൽ ആരാണ് അതിന് നേതൃത്വം കൊടുത്തിരിക്കുന്നത്?

## അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായുള്ള പദ്ധതികൾ

4268. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം അട്ടപ്പാടി ആദിവാസി കോളനി മേഖലയിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2012-'13, 2013-'14, 2014-'15 സാമ്പത്തിക വർഷങ്ങളിൽ അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായി എത്ര കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര കോടി രൂപ വീതമാണെന്നും പദ്ധതികൾ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

4269. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങളെത്തുടർന്ന് കഴിഞ്ഞ വർഷം ഇവിടേക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ എന്നാണ് പ്രഖ്യാപിച്ചത്;

(ബി) പ്രഖ്യാപിച്ച പാക്കേജുകൾ എന്തൊക്കെയായിരുന്നു; ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(സി) പദ്ധതികൾ പ്രഖ്യാപിച്ച ശേഷം ഇതുവരെ എല്ലാ വകുപ്പുകളും/ഏജൻസികളും പങ്കെടുത്ത എത്ര അവലോകന യോഗങ്ങൾ ചേർന്നു; ഈ അവലോകന യോഗങ്ങളിൽ എത്ര ഉദ്യോഗസ്ഥരാണ് പങ്കെടുക്കേണ്ടത്; എത്ര പേർ ഓരോ യോഗത്തിലും പങ്കെടുത്തു; ആരാണ് ഈ യോഗങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത്;

(ഡി) അവലോകന യോഗങ്ങളിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വീഴ്ചകൾ സംഭവിക്കുന്നതായി കണ്ടെത്തിയിരുന്നോ; എങ്കിൽ എന്തെല്ലാം വീഴ്ചകളാണ് കണ്ടെത്തിയത്;

(ഇ) അവലോകന യോഗങ്ങളിൽ ഫണ്ടു ലഭിക്കാത്തതും, ട്രഷറി നിയന്ത്രണവും ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് പിന്നീട്

സ്വീകരിച്ചത്;

(എഫ്) വിവിധ പാക്കേജുകൾ പ്രഖ്യാപിച്ചതിനുശേഷം ഇതുവരെ എത്ര ശിശുമരണങ്ങളും ഗർഭസ്ഥ ശിശുമരണങ്ങളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച പഠനം</u>

4270. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വലിയ തോതിലുള്ള ശിശുമരണം സംബന്ധിച്ച് എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; എന്നാണ് നടത്തിയത്; ആരുടെ നേതൃത്വത്തിലാണ് നടത്തിയത്; റിപ്പോർട്ട് സമർപ്പിച്ചുവോ; എന്നാണ് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടിയിലെ അമ്മമാരുടെയും, കുട്ടികളുടെയും ആരോഗ്യത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിനായി എത്ര തുക ചെലവഴിച്ചു; പ്രവർത്തനങ്ങൾ ആരാണ് ഏകോപിപ്പിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

<u>ആദിവാസികൾക്ക് വായ്പ</u>

4271. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്ക് വനഭൂമിയുടെ മേൽ ആദായമുള്ള വസ്തുവിന്മേൽ വിവാഹം, ഭവന നിർമ്മാണം, വാഹനം തുടങ്ങിയവയ്ക്കായി വായ്പ അനുവദിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് സ്വന്തം ജാമ്യത്തിൽ എസ്.റ്റി. ഡിപ്പാർട്ട്മെന്റിൽ നിന്നും വായ്പ നൽകാറുണ്ടോ; ഇവരിൽ ഭൂരഹിതരായവർക്ക് ഭവനനിർമ്മാണത്തിനായി ആവശ്യമുള്ള തുക വായ്പയായി അനുവദിക്കുമോ;

(സി) ആദിവാസി വിഭാഗങ്ങൾക്ക് കൈവശമിരിക്കുന്ന വസ്തുവിന്റെ ഈടിന്മേൽ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പട്ടികവർഗ്ഗക്കാരുടെ ക്ഷേമം</u>

4272. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികവർഗ്ഗക്കാർ അസുഖം മൂലവും പോഷക ആഹാരക്കുറവ് മൂലവും മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ?

## കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന പി .വി .റ്റി .ജി പദ്ധതി

4273. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന പി .വി .റ്റി .ജി പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടേയും പദ്ധതികളുടേയും വിശദാംശം നൽകുമോ;

(ബി) കാടർ, കുറുമ്പർ , കൊറവർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേകം പ്രത്യേകമായി ടി പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(സി) കൂടുതൽ കേന്ദ്ര സഹായം പ്രസ്തുത പദ്ധതിയ്ക്കായി വേണ്ടിവരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതിന്റെ ഫലമായി ടി വിഭാഗങ്ങൾക്കിടയിൽ വന്നുചേർന്നിട്ടുള്ള വികസന മേഖലകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം

4274. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കെതിരെ അക്രമം നടത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ സംസ്ഥാനതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്; അതിൻമേൽ എത്ര പരാതികൾക്കാണ് വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളത്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ബി) പാലക്കാട് ജില്ലയിൽ സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നു; 31/10/14 ലെ കണക്ക് പ്രകാരം വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സമിതിയ്ക്ക് മുമ്പാകെ വന്ന കേസുകളിൽ എത്ര എണ്ണത്തിന് വിശദമായ അന്വേഷണത്തിന് ഉത്തരവ് നൽകി; വിശദാംശം നൽകാമോ;

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

## കേരളോൽസവം

4275. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോൽസവത്തിലെ പങ്കാളിത്തക്കുറവ് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളോൽസ വങ്ങളിൽ എത്ര പേർ പങ്കാളികളായെന്ന് വർഷം അടിസ്ഥാനപ്പെടുത്തി ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) സംസ്ഥാന തല കേരളോൽസവങ്ങളിൽ പങ്കെടുത്തവർക്ക് പി.എസ്.സി. നിയമനത്തിന് വെയിറ്റേജ് മാർക്ക് കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സംസ്ഥാനതല കേരളോൽസവങ്ങളിൽ പങ്കെടുത്തവർക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ വെയിറ്റേജ് മാർക്ക് കൊടുക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

## വ്യവസായ സംരംഭകത്വ വികസന പദ്ധതി

4276. ശ്രീ.പി.സി വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, വി.റ്റി.ബൽറാം
,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## യുവജന കമ്മീഷനിലെ അംഗങ്ങൾ

T *4277. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷനിൽ അംഗങ്ങൾ ഉൾപ്പെടെ എത്ര പേർ ഉണ്ടെന്നും ഇവരുടെയൊക്കെ നിയമനം എപ്രകാരമാണ് നടത്തിയിട്ടുള്ളതെന്നും യുവജന കമ്മീഷനിൽ അംഗങ്ങൾക്ക് നാളിതുവരെ നൽകിയിട്ടുള്ള ശമ്പളത്തിന്റേയും മറ്റ് ആനുകൂല്യങ്ങളുടേയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

## ആലപ്പുഴ ജില്ലയിലെ യുവജനക്ഷേമ പ്രവർത്തനങ്ങൾ

4278. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ യുവജനകാര്യ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ യുവജനക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) യുവജനക്ഷേമ ബോർഡ് മുഖാന്തിരം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ

പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2014-15 ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

യുവജനക്ഷേമ ബോർഡിന്റെ ഭാരതദർശൻ യാത്ര

4279. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് ഭാരതദർശൻ യാത്രയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഇതിനായി ആരെയെല്ലാമാണ് തെരഞ്ഞെടുക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

യുവജനക്ഷേമ കമ്മീഷന്റെ പ്രവർത്തനം

4280. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, എ. പ്രദീപ്കുമാർ

,, ടി.വി.രാജേഷ്

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ കമ്മീഷന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യുവജനങ്ങളുടെ ഊർജ്ജസ്വലതയെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിയ്ക്കും ഉതകും വിധം ഉപയുക്തമാക്കുന്നതിന് യുവജനക്ഷേമ ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലപാട് വ്യക്തമാക്കുമോ?

(സി) യുവജനങ്ങളുടെ ആവശ്യകതയും പോരായ്മകളും കണ്ടെത്തി സഹായങ്ങൾ

നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് ആക്ഷേപമുണ്ടോ; വ്യക്തമാക്കുമോ?

(ഡി) സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ യുവജനങ്ങൾ നേരായ മാർഗ്ഗത്തിൽ നയിക്കപ്പെടുന്നതിന് സഹായകമായി ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിനെപ്പറ്റിയുള്ള ആശങ്ക വിലയിരുത്തിയിട്ടുണ്ടോ?

## യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലനം

4281. ശ്രീ.ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ?

## യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഓൺലൈൻ പരീക്ഷാ പരിശീലനം

4282. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഡി.റ്റി.പി., പി.എസ്.സി. ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലനം നൽകുന്ന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) അതിനായി എന്തെല്ലാം കാര്യങ്ങളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ആരെല്ലാമാണെന്നുള്ള വിശദാംശങ്ങൾ നൽകാമോ ?

<u>മൃഗശാലകളിലെ സുരക്ഷ</u>

4283. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗശാലകളിലെ മൃഗങ്ങളിൽ നിന്ന് സന്ദർശകർക്കോ ജീവനക്കാർക്കോ ഭീഷണി ഉണ്ടാകുന്നത് തടയുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ;

(ബി) ഡൽഹി മൃഗശാലയിൽ വെള്ളക്കടുവയുടെ മുമ്പിൽ വീണ സന്ദർശകന് ജീവൻ നഷ്ടപ്പെട്ടതിന്റെ വെളിച്ചത്തിൽ ഇവിടെയുള്ള സുരക്ഷാ സംവിധാനങ്ങൾ പുന:പരിശോധനക്ക് വിധേയമാക്കുമോ;

(സി) മൃഗങ്ങളിൽ നിന്ന് പരുക്കേൽക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുവാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
08-12-2014

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.